No. 169


December 2001

# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION


# പരിസ്ഥിതി അവാർഡ്



പ്രഥമ വിക്ടർ ജോർജ് പരിസ്ഥിതി രക്ഷാ അവാർഡ് **കണ്ണൂർ എസ്.എൻ.കോളജ്** സുവോളജി ലക്ചററും കേരളാ എൻവയോൺമെന്റിൽ റിസർച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റുമായ **ഡോ:സൈനുദീൻ പട്ടാഴിക്ക്** ലഭിച്ചു. അടൂരിൽ വച്ചു നടന്ന ചടങ്ങിൽ മന്ത്രി കെ.ബി.ഗണേഷ്കുമാർ അവാർഡ് സമ്മാനിച്ചു.

കല്ലട ജനസേചന പദ്ധതിയെപ്പററിയുള്ള പഠനം, പരിസ്ഥിതി ബോധവത്കരണ പ്രവർത്തനങ്ങൾ, കാവുകളെപ്പററിയുള്ള പഠനം, മണൽവാരൽ നിരോധനം അശാസ്ത്രീയമാണെന്ന പഠനം, വർണ്ണമഴയെപ്പററി നടത്തിയ പഠനങ്ങൾ, സൈന്റ് വാലി പദ്ധതി നടപ്പാക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾ, നിരവധി ശാസ്ത്രലേഖന പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ കണക്കിലെടുത്താണ് അവാർഡ് നൽകിയത്.

# ഫെല്ലോഷിപ്പ് ലഭിച്ചു



**അഞ്ചൽ സെൻറ് ജോൺസ് കോളജ്** മാത്തമററിക്സ് ഡിപ്പാർട്ടുമെൻറിലെ അദ്ധ്യാപകനായ **ഡോ. കെ. സതീഷ്കുമാറിന്** ആസ്ട്രേലിയലിലെ മോണാഷ് യൂണിവേഴ്സിററിയിൽ നിന്ന് ഡിപ്പാർട്ട്മെൻറ് ഓഫ് കെമിക്കൽ എഞ്ചിനീയറിംഗിൽ പോസ്ററ് ഡോക്ടറൽ ഫെല്ലോഷിപ്പ് ലഭിച്ചു. ●

## അഭിനന്ദനങ്ങൾ, ആശംസകൾ


KERALA PRIVATE COLLEGE TEACHER

EDITORIAL BOARD

Chief Editor
K. JAGANNATHAN NAIR

Managing Editor
S. JAYARAJ KUMAR

Assistant Editor
V. JAYAKUMAR

Members
Thomas Joseph
A. Prathapachandran Nair
V. Rajagopalan
M.P. Vijayalekshmi
K. Sasidharan
T.N. Manoharan
K.S. Pavithran
Dr. R.B. Rajalekshmi
M. Shahul Hammed
J. Raju
G.S. Suresh
Mathew J. Muttath
M. S. Vasantha Kumar
M.D. Ratheesh Kumar
Dr. C. R. Prasad

KERALA PRIVATE COLLEGE TEACHER
MONTHLY JOURNAL OF THE AKPCTA
DECEMBER 2001

No. 169

# contents

## IN FOCUS: UNIVERSITY AUTONOMY UNDER THREAT

ഓർഡിനൻസ് രാജിലൂടെ നടപ്പാക്കുന്നത് ഏകീകൃത സർവ്വകലാശാല നിയമം — 6
- പ്രൊഫ. ജോയ് ജോബ് കുളവേലിൽ

9 — *Trading in Higher Education*
*- Prof. Thomas Joseph*

എം. ജി. യൂണിവേഴ്സിററി- ഇൻട്രാ ട്രാൻസ്ഫർ എൻ. എസ്. എസ്. നിലപാട് ഖേദകരം — 14
- പ്രൊഫ. കെ. ആർ. ചന്ദ്രമോഹൻ

എഡിറേറാറിയൽ ........ 4
AIFUCTO News ........ 15
സമരപഥങ്ങൾ ........ 17
സ്മൃതിരേഖകൾ ........ 21
പുസ്തകലോകം ........ 22
വനിതാവേദി ........ 23
ജില്ലാവാർത്തകൾ ........ 24
സർവീസ് പംക്തി ........ 24
*The Economic Focus* ........ 25
ശാസ്ത്രജാലകം ........ 27
*Computation of Income Tax* ........ 29
സർക്കാർ ഉത്തരവുകൾ ........ 33

കവർ ഡിസൈൻ: കാരയ്ക്കാമണ്ഡപം വിജയകുമാർ

എഡിറ്റോറിയൽ

# ഈ നയം ധിക്കാരപരം

കേന്ദ്ര-സംസ്ഥാന ഗവൺമെണ്ടുകൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ ബാധ്യതകളിൽ നിന്നും പിന്മാറാൻ തുടങ്ങിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള വിദ്യാഭ്യാസ അവകാശങ്ങൾ ജനങ്ങൾക്ക് നഷ്ടപ്പെടുന്ന തരത്തിലുള്ള നയങ്ങളാണ് ഗവൺമെണ്ടുകൾ ഇപ്പോൾ സ്വീകരിച്ചിരിയ്ക്കുന്നത്.

ഇൻഡ്യയിലെ പ്രമുഖ വ്യവസായികളായ അംബാനി, ബിർള എന്നിവരെ ഉന്നത വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മനുഷ്യ വിഭവ ശേഷി മന്ത്രാലയം ചുമതലപ്പെടുത്തി. `നീണ്ട ഗവേഷണ'ത്തിന് ശേഷം അംബാനി-ബിർള കമ്മീഷൻ, റിപ്പോർട്ട് ഗവൺമെണ്ടിന് സമർപ്പിച്ചു. കണ്ടെത്തലുകളിൽ ചിലത് ഇങ്ങനെയാണ്. "വിദ്യാഭ്യാസാവശ്യങ്ങൾക്ക് ചെലവിടുന്ന തുക പ്രത്യുല്പാദന പരമല്ലാത്തതിനാൽ ഗവൺമെന്റ് അതിൽ നിന്നും പിന്മാറണം. വിദ്യാഭ്യാസ ചെലവുകൾ അവരവർ തന്നെ വഹിക്കണം. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ലാഭകരമാക്കണം." ഈ റിപ്പോർട്ട് കേന്ദ്രം സന്തോഷത്തോടെ അംഗീകരിച്ചു പദ്ധതിയിനത്തിൽ വിദ്യാഭ്യാസത്തിനുള്ള തുക വെട്ടിക്കുറച്ചു.

സൗജന്യവും, നിർബന്ധിതവും, സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന ഭരണ ഘടനാ സങ്കല്പം ഈ റിപ്പോർട്ടിലൂടെ ചോർന്നു പോയിരിക്കുന്നു. `പണമില്ലാത്തവർ പഠിക്കേണ്ടതില്ല' എന്ന ധിക്കാരപരമായ നയം കേന്ദ്രം സ്വീകരിച്ചപ്പോൾ കേരളത്തിലെ ആന്റണി ഗവൺമെന്റും അതിന്റെ ചുവടുപിടിച്ചു തന്നെ തീരുമാനമെടുത്തിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ സെക്രട്ടറി കേരള സർവ്വകലാശാലാ വൈസ് ചാൻസിലർക്ക് അയച്ച കത്തിൽ (uo.No-30031/k3\2001\H<dn- dated 20-10-2001) സർവ്വകലാശാലകൾ സർക്കാർ ഗ്രാന്റിനെ ആശ്രയിക്കാതെ സ്വന്തം കാലിൽ നില്ക്കണമെന്നതാണ് സർക്കാരിന്റെ നയം" - എന്ന് അറിയിച്ചിരിക്കുന്നു. കേരള യൂണിവേഴ്സിററി സെനററ് 30-11-2001 ൽ അടിയന്തിരയോഗം ചേർന്ന് പ്രസ്തുത കത്തിന്റെ ഉള്ളടക്കം ചർച്ച ചെയ്യുകയും അതിനെതിരെ പ്രമേയം പാസ്സാക്കി ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു.

സ്വാശ്രയ കോളജുകളും, കോഴ്സുകളും അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് തീരുമാനം സ്വകാര്യ സ്ഥാപനങ്ങളേയും വ്യക്തികളേയും പ്രീണിപ്പിക്കാനുള്ളതാണ്. ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരിക്കുന്നതിന്റെ തുടക്കമാണ്. ഈ രംഗത്ത് പണം മുടക്കുന്നവന്റെ ലക്ഷ്യം ലാഭം ഉണ്ടാക്കുക യല്ലാതെ മററൊന്നുമല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവട സ്ഥാപനങ്ങളാക്കി മാററുകയാണ് ഇതിന്റെ ഫലം. ലാഭ നഷ്ടങ്ങളുടെ വെളിച്ചത്തിൽ കോഴ്സുകൾ നടത്തുന്ന വ്യവസായ ശാലകളായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാററപ്പെടുകയാണ്. ലാഭകരമല്ലാത്ത സ്ക്കൂളുകൾ പൂട്ടുന്നതുപോലെ, കോളജുകളും പൂട്ടാൻ ഗവൺമെൻറ് തീരുമാനിക്കാനും ഇടയുണ്ട്

ഒരു രാഷ്ട്രത്തിന്റെ സാംസ്കാരിക മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിനും, രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനുമുള്ള വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം ഇതോടെ ഹനിക്കപ്പെടുകയാണ് ചെയ്തിരിക്കുന്നത്. വികസിത രാജ്യങ്ങൾ വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മുതൽ മുടക്ക് നടത്തുമ്പോൾ നമ്മുടെ ഗവൺമെണ്ടുകൾ അതിൽ നിന്നും പിന്തിരിഞ്ഞോടുന്ന കാഴ്ചയാണ് കാണുന്നത്.

പ്രൈമറി തലം മുതൽ സർവ്വകലാശാലാ തലം വരെയുള്ള വിദ്യാഭ്യാസ പരിഷ്കാരങ്ങൾ വളരെ കരുതലോടുകൂടിയും, ദീർഘവീക്ഷണത്തോടുകൂടിയും ചെയ്തിരുന്ന ഒരു പാരമ്പര്യമാണ് കേരളത്തിലുണ്ടായിരുന്നത്. ഇൻഫർമേഷൻ ടെക്നോളജിയുടെ വളരെ വേഗത്തിലുള്ള വികാസത്തിന്റെ ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ച് അവധാനതയോടു കൂടിയ നയസമീപനമാണ് വേണ്ടത്.

മനുഷ്യ ശരീരിത്തിലെ രക്തത്തിന്റെ സ്ഥാനമാണ് സമൂഹത്തിൽ വിദ്യാഭ്യാസത്തിനുള്ളത്. രക്തം ദുഷിച്ചാൽ ശരീരം നഷ്ടമാകും. വിദ്യാഭ്യാസം വഴി തെററിയാൽ സമൂഹത്തിന് നിലനില്പില്ലാതെയാകും. ആരോഗ്യ പൂർണ്ണമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ജനങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യും. ധനസമ്പാദനത്തിൽ മാത്രം കണ്ണുവെയ്ക്കുന്ന തരത്തിലുള്ള തീരുമാനങ്ങൾ ഒരു ജനാധിപത്യ ഗവൺമെണ്ടിനും ചേരുന്നതല്ല. ഇത്തരം വികലമായ തീരുമാനങ്ങൾക്കെതിരെ അദ്ധ്യാപകരും വിദ്യാർത്ഥികളും, രക്ഷിതാക്കളും സംഘടിത പോരാട്ടത്തിന് തയ്യാറെടുക്കുകയാണ്. ●

# ഓർഡിനൻസ് രാജിലൂടെ നടപ്പാക്കുന്നത് ഏകീകൃത സർവ്വകലാശാല നിയമം

പ്രൊഫ.ജോയ് ജോബ് കുളവേലിൽ
*മുൻ പ്രസിഡൻറ് എ.കെ.പി.സി.ടി.എ*

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് (1991-1996) വിദ്യാഭ്യാസരംഗത്ത് നടപ്പാക്കാൻ ശ്രമിച്ച പരിഷ്കാരങ്ങളിൽ ഏററവും വിവാദമെന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് ഏകീകൃത സർവ്വകലാശാല നിയമം (The Kerala Universities Bill -1993) ഒൻപതാം നിയമസഭയിൽ അന്നത്തെ വിദ്യാഭ്യാസമന്ത്രി ആയിരുന്ന ശ്രീ. ഇ. ററി.മുഹമ്മദ്ബഷീർ 74-ാം നമ്പറായി കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാകുന്ന ഒരു പൊതുനിയമം (ആക്ട്) അവതരിപ്പിക്കുകയുണ്ടായി. സർവ്വകലാശാല നിയമങ്ങളെ ഏകീകരിക്കാനും, ഭേദഗതികൾ വരുത്തി സംപുഷ്ടമാക്കാനുമാണ് ഏകീകൃതബില്ലുകൊണ്ട് ലക്ഷ്യമാക്കുന്നതെന്ന് പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ അഫിലിയേററിംഗ്, ററീച്ചിംഗ് സർവ്വകലാശാലകളുടെ ഭരണനിർവഹണം മെച്ചപ്പെട്ടതുമാക്കുമെന്ന് ആക്ടിന്റെ കരടിൽ സൂചിപ്പിക്കുന്നുണ്ട്. കേൾക്കാൻ ഇമ്പമുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ!!

ഈ ബില്ല് പിന്നീട് സെലക്ട്കമ്മററിക്ക് വിടുകയും ചർച്ചകളും, തെളിവെടുപ്പും നടത്തുകയും ഉണ്ടായി. ഒപ്പംതന്നെ ബില്ല് വ്യാപകമായ വിമർശനത്തിനും പ്രതിഷേധത്തിനും ഇടയാക്കുകയും ചെയ്തു. സർവ്വകലാശാലകളുടെ ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം തകർക്കാനുള്ള ഗൂഢശ്രമമാണ് ബില്ലിനു പിന്നിലെന്ന് വിദ്യാഭ്യാസതൽപരരും, അദ്ധ്യാപകരും, വിദ്യാർത്ഥികളും നോൺ ഗവൺമെന്റൽ പ്രസ്ഥാനങ്ങളും (NGO) കാര്യകാരണസഹിതം സമർത്ഥിച്ചു. സർവ്വകലാശാലകളെ വരുതിയിൽ ആക്കുക, ബൗദ്ധീകമായ എതിർപ്പുകൾ ഇല്ലാതാക്കുക (Intellectual dissent) സർവ്വകലാശാലകളിൽനിന്ന് രാഷ്ട്രീയം ഒഴിവാക്കുക, ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സെനററ്, സിൻഡിക്കേററ് എന്നീ സമിതികളുടെ അധികാരങ്ങൾ കവർന്നെടുക്കുക, സെനററിനെ വെറും ഉപദേശകസമിതിയായി തരംതാഴ്ത്തുക, എന്നിങ്ങനെ ആയിരുന്നു ഉദ്ദേശലക്ഷ്യങ്ങൾ. അക്കാദമിക് വിദഗ്ധർ തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ വിമുഖരാണുപോലും! അതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേററിന്റെ സ്ഥാനത്ത് നോമിനേററഡ് സിൻഡിക്കേററ് സ്ഥാപിക്കുക വഴി അക്കാദമിക് വിദഗ്ധരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്താൻ വ്യവസ്ഥ ചെയ്യുന്നു. ജനാധിപത്യത്തേയും, തെരഞ്ഞെടുപ്പിനേയും ഭയപ്പെടുന്ന അക്കാദമിക് പണ്ഡിതർ സർവ്വകലാശാല എങ്ങനെ ഭരിക്കും എന്ന ചോദ്യം പ്രസക്തമാണിവിടെ. ജനാധിപത്യമൂല്യങ്ങളിൽ ഉറപ്പിക്കപ്പെട്ട ഒരു ഭരണഘടനയും അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണകൂടവും ഉള്ള രാജ്യത്താണ് ഇത്തരം കടന്നാക്രമണങ്ങൾ നടക്കുന്നത്. ഭരണകൂടങ്ങളുടെ ധാർഷ്ഠ്യവും, അസഹിഷ്ണുതയുമാണ് (Intolerance) ഈ ദുശ്യപ്രവർത്തനങ്ങളിലൂടെ പ്രകടമാകുന്നത്.

ഏതായാലും ഏകീകൃത സർവ്വകലാശാലാ നിയമം 1993 - ൽ നടപ്പാക്കാൻ കഴിഞ്ഞില്ല. ഇന്നിപ്പോൾ ആന്റണിസർക്കാർ ഓർഡിനൻസുകളിലൂടെ നടപ്പാക്കാൻ ശ്രമിക്കുന്നത് ഏകീകൃത നിയമം ആണ്. ഏകീകൃതനിയമം കൊണ്ട് ലക്ഷ്യമിടുന്നത് സർവ്വകലാശാലകളുടെ സർവ്വതോന്മുഖമായ വികാസമാണെന്ന് വിശ്വസിക്കുന്നവർ കേരളത്തിൽ ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഇതിന്റെ പരിപ്രേക്ഷ്യം വളരെ ലളിതമാണ്. നിലനിൽക്കുന്ന ആക്ടുകളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലാഭരണത്തിൽ മേൽകൈ നേടാൻ സാധിക്കില്ല എന്നതുതന്നെ. ജനാധിപത്യം കശാപ്പുചെയ്താലും വേണ്ടില്ല സർവ്വകലാശാലാഭരണം പിടിച്ചെടുക്കുക എന്ന ദുഷ്ചിന്തയിൽ നിന്നാണ് ഏകീകൃതത്തിന്റെ ഉത്ഭവം. ഇന്നിപ്പോൾ കേരള - കോഴിക്കോട് സർവ്വകലാശാലകളിൽ ഭരണവിലാസം പ്രാതിനിധ്യം പരിമിതമാണ്. ഏകീകൃതനിയമം പൊടിതട്ടി എടുത്ത് ഒരിക്കൽ കൂടി പരീക്ഷിക്കാൻ ആത്മവിശ്വാസം പോരാ. ഇന്നത്തെ ചുററുപാടുകളിൽ അധികാരം സർക്കാരിൽ കേന്ദ്രീകരിക്കാനുള്ള നീക്കം ഒരു ബി

ളിലൂടെ മാർക്കറ്റ് ചെയ്യാൻ ബാധ്യപ്പാടുണ്ടെന്ന് രാഷ്ട്രീയ മാനേജർമാർ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാലാഭരണം കയ്യടക്കുക എന്ന ലക്ഷ്യം ഏതു വിധേനയും സാധിക്കേണ്ടത് അനിവാര്യമാണു താനും. എന്തിനെന്നല്ലേ? ഒന്നിലധികം ലക്ഷ്യങ്ങൾ ഉണ്ട്. ഒന്നാമത് സർക്കാരിന്റെ ഹിഡൺ വിദ്യാഭ്യാസ അജണ്ട നടപ്പാക്കാൻ തന്നെയാണ്. കോഴ്സുകൾ അംഗീകാരം, സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ, കോളജുകൾക്ക് ഓട്ടോണമി, ഓഫ് ക്യാമ്പസ്സ് സെന്ററുകളിലൂടെ വിദ്യാഭ്യാസകച്ചവടം തുടങ്ങിയ ദീർഘമായ ഒരു അജണ്ട നിലവിലുള്ള നിയമങ്ങൾ മറികടന്ന് നടത്തിയെടുക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ഭൂരിപക്ഷം നേടാനും, ഇതൊക്കെ ചെയ്യാൻ ഉളുപ്പില്ലാത്ത അക്കാദമിക വിദഗ്ദരേയും സിൻഡിക്കേററിൽ നിറക്കാനാണ് ശ്രമം. മററാരു ലക്ഷ്യം അധികാരസ്ഥാനങ്ങൾ മോഹിച്ച് കാത്തുനിൽക്കുന്ന ഒരു നീണ്ട നിര "വിദ്യാഭ്യാസ വിചക്ഷണന്മാരെ" മെരുക്കുക എന്നതാണ്. ഈ രണ്ടു ലക്ഷ്യങ്ങളും ഒന്നിച്ച് സാധിച്ചെടുക്കാനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിൽ വന്ന കാലതാമസം കൊണ്ടാണ് പല സർവ്വകലാശാലകളും നിശ്ചലമായിരിക്കുന്നത്. നോമിനേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് സംഗതി പൊടിപൊടിക്കും.

കേരള - കോഴിക്കോട് സർവ്വകലാശാലകളിൽ നിലവിലുള്ള നിയമം അനുസരിച്ച് സിൻഡിക്കേററിൽ ഭൂരിപക്ഷം അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ടവരാണ്. കൂടാതെ ഏതാനും എക്സ് ഒഫീഷ്യോ അംഗങ്ങളും ഉണ്ട്. 1993 - ലെ ഏകീകൃതനിയമം അനുസരിച്ച് സിൻഡിക്കേററിൽ മൂന്നു തരം അംഗങ്ങൾ ഉണ്ടാകും. നേരത്തെ പറഞ്ഞ രണ്ടു വിഭാഗങ്ങൾ. കൂടാതെ നോമിനേററഡ് എന്ന മൂന്നാമത്തെ വിഭാഗവും. ഈ മൂന്നാമത്തെ വിഭാഗത്തെ വിപുലീകരിക്കാൻ തെരഞ്ഞെടുക്കപ്പെടുന്നവരുടെ സംഖ്യ പരിമിതപ്പെടുത്താൻ ഏകീകൃത ആക്ടിൽ വ്യവസ്ഥയുണ്ട്. നോമിനേററഡും, എക്സ് ഒഫീഷ്യോ അംഗങ്ങളും ചേർന്നാൽ ഭൂരിപക്ഷം നേടാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർ ന്യൂനപക്ഷമാകുന്ന ഒരു `ജനാധിപത്യ വ്യവസ്ഥയാണ്' വിഭാവനം ചെയ്തിരുന്നത്. ഓർഡിനൻസുകളിലൂടെ ആന്റണി സർക്കാർ നടപ്പാക്കുന്നത് ഏകീകൃതനിയമം തന്നെയാണ്. അത് പിൻവാതിലിൽ കൂടികൊണ്ടുവരുന്നു എന്നു മാത്രം.

പ്രൊഫഷണൽ മേഖലയിൽ അപേക്ഷകർക്കെല്ലാം എൻ.ഒ.സി നൽകി കേരളസർക്കാർ പ്രജകൾക്ക് നൽകിയ വിദ്യാഭ്യാസസന്ദേശം ഉദാരവൽക്കരണത്തിന്റേത് ആണ്. പ്രജാസ്നേഹം അവിടം കൊണ്ടും തീർന്നില്ല. ഐ.ററി,ബി.ററി. മേഖലകൾക്ക് ഉണർവ് നൽകാൻ സർവ്വകലാശാലാ സിൻഡിക്കേററിൽ ഐ.ററി.ബി.ററി. വിദഗ്ധരെ ഉൾപ്പെടുത്താൻ ഓഡിനൻസ് തയ്യാറാക്കിയിരിക്കുന്നു. ഓരോ പഠനമേഖലകളിലേയും തളർച്ച മാററാൻ അതാതു മേഖലകളിലെ വിദഗ്ധരെ സർവ്വകലാശാലാഭരണസമിതിയിൽ ഉൾപ്പെടുത്തിയാൽ മതിയെന്ന പരിപ്രേക്ഷ്യം വികസിപ്പിച്ചെടുക്കാൻ 'വലതുപക്ഷബുദ്ധിജീവികൾ' കഠിനമായി അദ്ധ്വാനിച്ചിട്ടുണ്ടാകണം. ഓരോ കാലഘട്ടത്തിൽ മേൽക്കൈ നേടുന്ന ശാസ്ത്ര, സാങ്കേതിക, പ്രൊഫഷണൽ മേഖലകളിൽ നിന്നുള്ള വിദഗ്ധർ ആയിരിക്കും സർവ്വകലാശാലാഭരണസമിതിയിലേക്ക് നോമിനേററ് ചെയ്യപ്പെടുന്നതെന്ന തത്വമാണ് ഓർഡിനൻസിലൂടെ അംഗീകരിച്ചിരിക്കുന്നത് ഉദാരവൽക്കരണകാലത്തിന് ചേർന്ന അയവുള്ള (flexible) നിയമങ്ങളാണ് നമുക്ക് വേണ്ടതെന്ന് സാരം. മാർക്കററിന്റെ ഏററക്കുറച്ചിലുകൾ (trends) നോക്കിവേണം കാര്യങ്ങൾ നടത്താനെന്നുമുള്ള വിലകൂടിയ പാഠം അനായാസമായി കൈകാര്യം ചെയ്തിരിക്കുന്നു. ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം തുടങ്ങിയ `കഠിന നിയമങ്ങൾ' ഇത്രയും ലളിതമാക്കാൻ ആന്റണി സർക്കാരിനല്ലാതെ മററാർക്ക് കഴിയും?

ഇതിനിടയിൽ സംസ്കൃത സർവ്വകലാശാലയുടെ സ്ഥിതി അവ്യക്തമായി തുടരുന്നു. സംസ്കൃത സർവ്വകലാശാലയെ ഒരു കേന്ദ്ര സർവ്വകലാശാല ആക്കാനും അതിനെ 'സംസ്കരിക്കാനും' (സംസ്കൃതം ഒഴിച്ചുള്ള പഠന വകുപ്പുകൾ പൂട്ടുക) അതിനായി അതിന്റെ ഘടന മാററാനും, ചാൻസലറെ കേന്ദ്രസർക്കാർ നേരിട്ടു നിയമിക്കാനുമൊക്കെ നീക്കങ്ങൾ നടക്കുന്നു എന്ന് റിപ്പോർട്ടുണ്ട്. ഇതിന്റെ സിൻഡിക്കേററ് ഇപ്പോൾ അപൂർണ്ണമാണ്. (യോഗം ചേരുന്നതും അപൂർവ്വമാണ്) സ്റേററ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലാകുമോ അതോ കേന്ദ്രസർവ്വകലാശാലയാകുമോ എന്ന അനിശ്ചിതത്വം തുടരുന്നു. ഈ സർവ്വകലാശാലയെ സംബന്ധിക്കുന്ന ഒരു ഓർഡിനൻസ് പ്രതീക്ഷിക്കുകയാണ് തല്പരർ. ഐ.ററി, ബി.ററി വിദഗ്ധർ ധാരാളമുള്ള കേരളത്തിലെ ഏക ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയാണ് കൊച്ചി (CUSAT) അതുകൊണ്ടാകണം കൂടുതൽ വിദഗ്ധരെ നോമിനേററ് ചെയ്യാനുള്ള ഓർഡിനൻസ് ഇറക്കാത്തതെന്ന് കരുതുന്നവർക്കുതെററി. ഇവിടെയും സിൻഡിക്കേററ് നോമിനേററഡ് ആണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സർവ്വകലാശാലകൾക്ക് ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം നൽകാൻ കേന്ദ്രസർക്കാരും യു.ജി.സി.യും പ്രത്യേകം താല്പര്യം കാണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് മോഡൽ ആക്ട് ഉണ്ടായത്. പണ്ഡിററ് നെഹ്റു ഇക്കാര്യത്തിൽ കാണിച്ച താല്പര്യം എടുത്തുപറയേണ്ടതാണ്. മാനവികതയും, സഹിഷ്ണുതയും, ആശയങ്ങളുടെ സാഹസികതയും, സത്യാന്വേഷണത്തിനുള്ള വേദികളുമായാണ് സർവ്വകലാശാലകളെ നെഹ്റു കണ്ടത്. ഇതിന്റെ ഭാഗമായി നമ്മുടെ സർവ്വകലാശാലകൾ സാമൂഹ്യനീതിക്കും (equity) സാമൂഹ്യമാററത്തിനുള്ള (social change) ഉപകരണങ്ങളായി മാറി. ദളിതർക്കും,

സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കും, പിന്നോക്കകാർക്കും എല്ലാം സർവ്വകലാശാലകൾ തുറന്നു കിട്ടി. വലിയ ഒരു തള്ളിക്കയററം ഈ മേഖലയിൽ ഉണ്ടായി. പക്ഷേ ശ്രീമതി ഗാന്ധിയുടെ ഭരണകാലത്തോടെ സർവ്വകലാശാലകളുടെ ജനാധിപത്യവും സ്വയംഭരണവും തകർക്കപ്പെട്ടുതുടങ്ങി. 1970 കളിലും 1980 കളിലുമായി നിയമിക്കപ്പെട്ട കമ്മീഷനുകൾ പലതും സർവ്വകലാശാലകളുടെ സ്വാതന്ത്ര്യം ഹനിക്കാനുള്ള ശുപാർശകൾ നൽകിതുടങ്ങിയിരുന്നു. സർവ്വകലാശാലകളെ ഒരു പ്രത്യയശാസ്ത്ര ഉപകരണമായി കാണേണ്ടതില്ലെന്ന് പറഞ്ഞു തുടങ്ങിയത് ഈ ഘട്ടത്തിലാണ്. സർവ്വകലാശാലകളെ സാമ്പത്തിക വികസനത്തിനുള്ള ഒരു ടൂൾ മാത്രമായി മാററാനുള്ള ശ്രമങ്ങൾ 1986 ലെ പുതിയ വിദ്യാഭ്യാസ നയം പുറത്തു കൊണ്ടുവന്നു. (New Educational Policy NPE 1986) തൊണ്ണൂറുകളിൽ അറിവിനെ ആധാരമാക്കിയുള്ള സാമ്പത്തികക്രമത്തിന്റെ വളർച്ചയോടെ സർവ്വകലാശാലകളുടെ മനുഷ്യമുഖം വേഗതയിൽ മറഞ്ഞു തുടങ്ങി. പ്രത്യയശാസ്ത്ര, രാഷ്ട്രീയനിരാസത്തിലൂടെ (ideology of ideology - free role) സർവ്വകലാശാലകൾക്ക് പുതിയ ചട്ടക്കൂട് നിർമ്മിക്കുന്നതിൽ ഭരണകൂടം വ്യാപൃതരായിരിക്കുന്നു.

എന്തിനും ഏതിനും ആഗോളമാതൃകകളെ കൂട്ടുപിടിക്കുന്ന വലതുപക്ഷബുദ്ധിജീവികൾ സർവ്വകലാശാലാ ഭരണത്തിൽ ഭരണകൂടങ്ങളുടെ ഇടപെടലുകളെ ന്യായീകരിക്കാൻ മാതൃകകൾ ഉണ്ടോ എന്ന് വ്യക്തമാക്കണം. എല്ലാ വികസിത സമ്പദ്വ്യവസ്ഥയിലും ഭരണകൂടങ്ങൾ സർവ്വകലാശാലാഭരണത്തിൽ നിന്ന് ഒരു നിശ്ചിത അകലം കാത്തുസൂക്ഷിക്കുന്നു. (Government steps back and steers the higher education system more from a distance) സ്വയംഭരണമെന്നത് സർവ്വകലാശാലാഭരണരംഗത്ത് അംഗീകരിക്കപ്പെട്ട ഒരു ശൈലിയാണ്. സർവ്വകലാശാലകൾക്കെല്ലാം കൂടി ഒരു ഏകീകൃതനിയമം എന്നതും ആഗോളമാതൃകകൾക്ക് അനുയോജ്യമല്ല. ശ്രീലങ്കയിലാണ് ഇപ്രകാരം ഒരുശ്രമം നടന്നിട്ടുള്ളത്. (A Uniform Act of 1966) പക്ഷെ ശ്രീലങ്കയ്ക്ക് ഈ നിയമം പിൻവലിക്കേണ്ടി വന്നു. അതുവഴി സർവ്വകലാശാലകൾക്കുമേലുള്ള സർക്കാരിന്റെയും, ബ്യൂറോക്രസിയുടെയും നിയന്ത്രണങ്ങൾ പരിമിതമാകുകയും ചെയ്തു. കൊളോണിയൻ കാലഘട്ടം മുതൽ നിലനിൽക്കുന്ന അക്കാദമിക സ്വാതന്ത്ര്യം പുനഃസ്ഥാപിച്ച ചരിത്രമാണ് ശ്രീലങ്കയ്ക്ക് പറയാനുള്ളത്. (ഏകീകൃത സർവ്വകലാശാലാ നിയമം - ഒരു ശ്രീലങ്കൻ മുന്നറിയിപ്പ് എന്ന പേരിൽ 1993 - ൽ മെയ് 13ന് ഇന്ത്യൻ എക്സ്പ്രസ്സ് പ്രസിദ്ധീകരിച്ച ലേഖനം കാണുക.)

വിദ്യാഭ്യാസകാര്യത്തിൽ കർണ്ണാടക നമുക്ക് ഒരു റോൾ മോഡൽ എന്ന നിലയിൽ ആയിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. (ഇനിമേൽ നാം കർണ്ണാടകയ്ക്ക് മാതൃകയായിരിക്കും) കർണ്ണാടകയെ കണ്ടു പഠിക്കുക' എന്ന തലക്കെട്ടിൽ ഐ.ററി.യെപ്പററി പല പ്രസിദ്ധീകരണങ്ങളിലും ലേഖനങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. കർണ്ണാടകയിലെ സർവ്വകലാശാലകൾക്കൊരു ബില്ല് എന്ന പേരിൽ സർവ്വകലാശാലകളുടെ സ്വയംഭരണം തകർക്കാൻ ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. (The Karnataka State Universities Bill - 2000) കർണ്ണാടകയിലെ ജനാധിപത്യവിരുദ്ധശ്രമങ്ങൾ പകർത്താനാണോ കേരളത്തിൽ സർവ്വകലാശാലാ രംഗത്ത് ഓർഡിനൻസ്രാജ് നടപ്പാക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും കർണ്ണാടക നിയമം ഉപരി വിദ്യാഭ്യാസഗുണനിലവാരം ഉയർത്താൻ പര്യാപ്തമല്ലെന്ന് പ്രസിദ്ധ വിദ്യാഭ്യാസചിന്തകനായ ഡോ.നഞ്ചുണ്ടപ്പാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത് അധികാര കേന്ദ്രീകരണത്തിന് മാത്രമേ ഉതകൂ എന്ന് മനസ്സിലാക്കി കർണ്ണാടകയിൽ ഇതിനെതിരെ എതിർപ്പുകൾ വ്യാപകമാകുകയാണ്. സർവ്വകലാശാലാകളിലേക്കുള്ള സർക്കാർ കടന്നുകയററത്തെ ചെറുത്ത് തോല്പിക്കാനും, ഈ സത്യാന്വേഷണ വേദികളുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാനും അക്കാദമിക സമൂഹം ജാഗ്രത പുലർത്തേണ്ടതുണ്ട്. ●

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

**2001- 2002 വർഷത്തെ എ.കെ.പി.സി.ടി.എ മെമ്പർഷിപ്പ് ഫീസ് (ഓരോ അംഗത്തിൽ നിന്നും 200 രൂപ വീതം) അടിയന്തിരമായി എസ്. ബി. ടി ഫറൂക്ക് ശാഖയിൽ മാറാവുന്ന വിധത്തിൽ ട്രഷററുടെ പേരിൽ ഡി. ഡി. എടുത്ത് അയയ്ക്കുക.**

ട്രഷററുടെ മേൽവിലാസം

**K. SASIDHARAN**
*Raji Sadan, Manoor P.O., Kozhikode - 673 328*

# OXFORD
## UNIVERSITY PRESS

### *Sociology Lead Titles*

| | | |
|---|---|---|
| Collected Essays | M N Srinivas | Rs. 850/- |
| Exploring India's Rural Past<br>A Gujarat Village in the early 19th cent. | A M Shah | Rs. 575/- |
| The European Modernity<br>Science, Truth and Method | J P S Uberoi | Rs. 445/- |
| Pluralism, Equality and Identity<br>Comparative Studies | T K Oommen | Rs.525/- |
| Violence and Subjectivity | Veena Das | Rs.595/- |
| Sociology | Beteille | Rs.545/- |
| Antinomies of Society<br>Essays on ideologies and institutions | Beteille | Rs.525/- |
| Caste, Class and power<br>Changing patterns of Stratification in a<br>Tanjore Village | Beteille | Rs. 275/- |
| Structure and Cognition:<br>Aspects of Hindu Caste and<br>Ritual oip- | Veena Das | Rs. 175/- |
| The Christians of Kerala<br>History, Belief and Ritual among<br>the Yakoba oip | Visvanathan | Rs. 295/- |

***Stock Available at:-***

**"OXFORD HOUSE" 219 ANNA SALAI, CHENNAI 600006** — **PH: 811 22 67/99**
**e-mail : orders @ oupin.com** — **811 08 32/18 61**

**KESAVA BUILDINGS, 1 FLOOR, TC NO.25/1437 (2), THAMPANOOR,**

**THIRUVANANTHAPURAM 695001** — **PH: 330995**

**3-5-1107, NARAYANAGUDA, HYDERABAD 500029-PH: 4750155**

**94, INDUSTRIAL AREA, 4TH B CROSS, 5TH BLOCK, KORAMANGALA**
**BANGALORE 560095** — **PH: 345025**

# Trading in Higher Education: MG University Style

*(Continued from previous issue)*

Thomas Joseph
*President, AKPCTA*

## *AKPCTA & AIFUCTO PETITION THE CHANCELLOR: TWENTY OBJECTIONS TO OFF CAMPUS CENTRES*

*His Excellency, Hon'ble Governor of Kerala &Chancellor, Mahatma Gandhi University, Raj Bhavan, Tiruvananthapuram*
*Dated 26th November 2001*

Sir

Sub: *MG University Off Campus Centres—Violation Of Act, Supreme Court Orders & UGC Directives —Trading in Education Reg*

May I draw your attention to the attempts being made by Mahatma Gandhi University to trade in higher education by starting Off Campus Centres within and outside the Country in collaboration with private agencies which is bound to make serious inroads into the academic credibility and social commitment of the University.

The University's objective is to raise internal resources to the tune of one to three crores

It may be recalled that the decision taken by the erstwhile syndicate to franchise educational service had to be suspended in the face of stiff opposition to it from the academics. (Exhibit 1)

The University has now revived the same old scheme under a new name –Off Campus centres—within the framework of Distance Education. It is a classic case of offering the old wine in new bottles with the objective of concealing the identity of the old discredited scheme even while vigorously pursuing its implementation.

The School of Distance Education under MG University runs two parallel programmes at present—one run directly by it and the other run by private agencies under the supervision of the school. The same courses are offered under both schemes. But the programmes differ in the way the courses are conducted, teachers appointed, remuneration paid and fee levied from students. While the courses directly run by the school are conducted as per UGC norms, those run through the Off Campus Centres not only violate UGC norms but also negate all equitable and academic considerations with the connivance of the University authorities. What takes place through the Off Campus Centres is defacto trading in education. The extent of the

damage can be gauged by taking into account the fact that as many as 250 courses are being launched in December this year by 49 private agencies acting as proxies to the University, without ensuring minimum standards or social justice in the conduct of the courses

Let me briefly state the objections to the scheme

1) The University is guilty of violating the general directive of the UGC against franchising education through Off Campus Centres in collaboration with private agencies (Exhibit2) and the specific directive of the Chairman, UGC to the Vice - Chancellor, MG University in this regard. (Exhibit3)
2) The policy decision to revive the discredited scheme has been taken without consulting the Senate or the Academic Council. In the absence of a full, functional syndicate, the decision is taken solely by the Vice-Chancellor by exercising the emergency powers conferred on him by clause17 of chapter 3 of the Act and in violation of the spirit of clause 15 and clause 22 of the same chapter which cast on the Vice-Chancellor the duties to uphold the inviolability of the Act and to report to the Chancellor every proceeding which is not in conformity with the provisions of the Act, Statutes etc.
3) To justify its patently illegal decision, the University has put forward two apparently contradictory arguments. On the one hand it argues that the University is now only implementing a decision taken by the erstwhile syndicate; on the other it argues that the Off Campus Centres are not the same as the franchise programme approved by the former syndicate.
4) The decision to hold examinations for courses run by Off Campus Centres under the annual pattern violates the regulations of the Academic Council in this respect, which have come into operation w.e.f.2001 admissions (Exhibit 4)
5) The University authorities have unleashed a disinformation campaign to hoodwink the public into believing that the University's Programme has the approval of the UGC. The Vice Chancellor has placed on record that the UGC has withdrawn its objections to the scheme on the strength of the assurance personally given by him to the Chairman, UGC that the University is directly conducting the programmes through its Off Campus Centres (Exhibit 5). But the University has not given any documentary proof in regard to its claim that the UGC has withdrawn its objections to the scheme.
6) There is however ample evidence in the brochure for Off Campus Centres (Exhibit6) to show that the University plans to conduct the courses in collaboration with private agencies. It specifically states that the scheme envisages *functional collaboration with institutions in India and abroad* (page9). Further, the faculty will ***invariably be employees of collaborating institutions*** *(page 15)*. It is the responsibility of the centre to ***enroll students*** and ***to conduct contact classes, guest lectures and practical classes*** *(page 14)*. The collaborative nature of the relationship between the University and the Centre is again clearly brought out in the brochure, which assigns 10 roles each to the University and the Centre (pages 13-14). The University enters into an MOU with the Centre on the basis of which the responsibilities and the fee collected are shared between 'the University and the Centre. The Centre registration fee is rupees one lakh/US dollars 5000. (Exhibit7). It is obvious that the University does not directly run the centres.
7) The advertisement for admission of students issued on 24/10/2001 by the University gives the list of collaborative centres in India and abroad, most of which are private establishments, which are not affiliated to the University. (Exhibit8)
8) The Mahatma Gandhi University Act empowers the University only to impart education through its own departments/ constituent colleges/affiliated colleges. The Off Campus Centers are not conceived as

affiliated units. They are conceived as collaborator units. Affiliation implies subordination of the affiliated unit to the affiliating agency. There is a regulatory role for the latter over the former. Collaboration, in this context, is essentially a business arrangement governed by the general principles of partnership. There is virtually no provision in the Act, which empowers the University to enter into collaborative relationship with private agencies. As per the terms and conditions of Off Campus Academic Programme, the University and the centre will share certain responsibilities as part of a business arrangement. The University will prescribe the syllabi, conduct examinations and award degrees. The centre will appoint teachers and conduct classes own its own, with only a namesake supervisory role for the university. The University has no direct role in the actual teaching-learning process. It has no disciplinary authority over the teachers employed by the centre .In this respect, there is a deviation from the present role of the School of Distance Education. It now directly appoints the teachers, runs the courses and pays the teachers. The deviation from the practice is intended to provide a free hand to the private agencies in the running of the course, appointment of teachers and payment of salary. This is inimical to the scheme of affiliation as contemplated in chapter 8 of the Act.

9) The provision *to co-operate with other Universities or any authorities or associations in such manner and for such purposes as the University may determine* in chapter2, clause5 (16) of the Act does not contemplate collaboration of the type entered into by the University with the Off Campus Centres.

10) Distance Education has now become the most competitive field in the delivery of higher education. With the operation of global players, introduction of Information Communication Technology (ICT) and the intervention of WTO as a regulating agency, only the fittest will now be able to survive. Quality control is the imperative need of the hour, which is grossly neglected by the University's cavalier approach to the challenging scenario.
At present, the school of Distance Education is not equipped, academically and administratively, to cope up with the problems arising from an explosive expansion of its activities as contemplated under the scheme of Off Campus Centres It may be noted that the school has failed to conduct even its current programmes to the satisfaction of the students. Specific complaints have been made by the students of the distance education stream about the failure of the school to deliver study material and conduct contact classes in time

11) The undue haste and secrecy surrounding the clandestine implementation of the scheme give credit to the allegation of malafide on the part of the authorities concerned.

12) The recent constitution of an Advisory Committee (UO. No.SDE/1/2252/2001 dt.6/11/2001) for the Off Campus Programme only shows the anxiety on the part of the University to invest the programme with a degree of legitimacy and credibility after its implementation.

13) The objective of raising internal resources by a cash- strapped University is no alibi for justifying a system that exploits a set of unorganized students (the students under the off-campus stream) to provide subsidized education for another organized set of students (the regular students)

14) Academically, the exploitation operates the other way round when the degree awarded for the off campus students is equated with that awarded to regular students whose norms of admission to the courses and criteria for admission to the examinations are far more stringent in comparison with that of off-campus students. What are at stake are the credentials of the University and the academic credibility of the degrees awarded by it.

15) The programme is being implemented by the School of Distance Education in violation of its stated objective to democratize higher education by providing it at cost effective rates to those who cannot undergo regular courses for a variety of reasons (Exhibit 6:page6) .UGC regulations on Distance Education insist that the fee structure should not be exploitative and that the contact programmes should be conducted on holidays. While the existing programmes under the School of Distance Education, which are directly run by the University, conform to the UGC norms, the new programmes under the Off Campus Centres are not likely to be conducted as per UGC guidelines. The fee structure for the courses under the Off-Campus Centres is much higher than that of the courses directly run by the School of Distance Education. For example, while the fee for the MA programme directly conducted by the School of Distance Education is only Rs.5000/(Exhibit9), the same programme is offered for Rs.9000/ under the Off Campus Centres (Exhibit6: page13). The centres have also been permitted to conduct the courses during regular time as parallel programmes and charge special tuition fee for the additional instructional hours they might engage over and above the minimum requirement insisted on in the regulations. Each centre can run five courses of its choice out of thirteen offered by the school. **Under such circumstances, a parallel commercial stream of education would come into existence, with private agencies having full freedom to start courses of their choice circumventing all the existing norms relating to affiliation of courses and regulations in respect of uniform fee structure**

16) It is worthwhile recalling in this context that the Supreme Court has in several judgments mandated against the commercialization of education. It has been held by Honorable Supreme Court in *J.P. Unnikrishnan vs. State of Andhra Pradesh (AIR 1993 SC 2178) "the activity of establishing an educational institution can neither be a trade nor business nor can it be a profession within the meaning of Article19 (1) (g). Trade or business normally connotes an activity carried with a profit motive. Education has never been commerce in this country. Making it one is opposed to ethos, tradition and sensibilities of the nation. Imparting of education has never been treated as a trade or business in this country since times immemorial. It has been treated as a religious duty. It has been treated as a charitable activity but never as a trade or business."*

17) It is the irony of the times that the trading in education conducted by the University is sought to be justified by invoking the Gandhian principle of self reliance by the Vice-Chancellor (Exhibit 10) Apart from vulgarizing the lofty ideals of Mahatma Gandhi, there is a distinct possibility that such remarks being made by the head of a University named after the Father of the Nation would be mistaken for the authentic representation of the Gandhian concept of education.

18) The admission for the courses has already started, despite specific instructions from the UGC not to enroll students under the Off-Campus Centres.It is likely that the UGC might impose penal sanctions against the University, in which case the developmental programmes contemplated to be undertaken with the assistance of UGC could become a non-starter. It is also most likely that other Universities may not recognize the courses run through Off Campus centres in violation of UGC norms.

19) The classes for the first batch of students are scheduled to be held from the second week of December 2001.It is high time that steps are taken to safeguard the interests of students who are being misled and exploited through a systematic misrepresentation of facts by the University and the centres concerned.

20) AKPCTA & AIFUCTO are teachers' associations which are very much concerned about EQUITY&EXCELLENCE in higher

education and have a tradition of fighting against deviations from the above norm. AKPCTA was the first organization to challenge the proposal for franchising higher education when it was mooted for the first time by MG University during last year. A pamphlet published by the Association then is enclosed herewith for your perusal since what is stated there continues to be relevant even today. (Exhibit 11)

**Considering all the above, I request you to take serious note of the University's refusal to comply with the directives of the UGC, to kindly intervene in your capacity as Chancellor and to take adequate deterrent action to stop the menace of commercialization of education being perpetrated by the Mahatma Gandhi University.**

**It is also requested that the Chancellor may kindly direct the University to keep the operation of the Off Campus Centres in abeyance till an appropriate enquiry into the present compliant is made.**

I further request you to give AKPCTA &AIFUCTO an opportunity to be heard in this matter

Thanking you

Yours faithfully

Thomas Joseph
President, AKPCTA
&Vice President, AIFUCTO

(to *be concluded*)

## Leaders to meet the Governor

Shri. Justice Sukhdev Singh Kang, Governor of Kerala has granted an appointment to the leaders of AKPCTA-AIFUCTO to meet him in connection with the petition submitted in regard to the OFF CAMPUS CENTRES of Mahatma Gandhi University. M/s Thomas Joseph, A.Prathapachandran Nair and K.Sasidharan will meet the Governor on the 13th of December 2001. •

# RSS-Christian Dialogue

## *Row over M.G.University VC's participation*

The participation of Mahatma Gandhi University Vice Chancellor Dr.Cyriac Thomas in the recent Kochi dialogue with the RSS as the representative of the Catholic Council of India (CCI) has sparked off a controversy. The All Kerala Private College Teachers Association (AKPCTA) State President Prof.Thomas Joseph in a statement issued here today alleged that the Vice Chancellor held the closed-door meeting with the RSS top brass, obviously as part of an attempt to strike a deal with the "power hungry leadership of the churches and the saffron brigade". "It is high time that a code of conduct is evolved for the Vice Chancellors. The VC`s action has brought disrepute to the high position he occupies and amounts to dereliction of duty cast upon him to uphold the secular ethos of the University", the AKPCTA leader said,

Dr.Cyriac Thomas has clarified that he attended the meet purely in his capacity as a CCI functionary.

CCI is an advisory body of the CBCI consisting of members of the laity. The CBCI president is the chairman of the council.

Dr.Cyriac Thomas continues to be the elected Vice Chairman of CCI, despite holding the high office in the University. •

*Express News Service*
*Kottayam, November 30:*

# എം.ജി.യൂണിവേഴ്സിററി-ഇൻട്രാ ട്രാൻസ്ഫർ എൻ.എസ്.എസ്.നിലപാട് ഖേദകരം

പ്രൊഫ. കെ. ആർ. ചന്ദ്രമോഹൻ

*എസ്. വി. ആർ. എൻ. എസ്. എസ്. കോളജ്, വാഴൂർ*

**മഹാത്മാഗാന്ധി** യൂണിവേഴ്സിററിയുടെ കീഴിലുള്ള എൻ.എസ്.എസ് കോളജുകളിൽ മാനദണ്ഡങ്ങളനുസരിച്ചുള്ള അദ്ധ്യാപകരുടെ സ്ഥലംമാററ പ്രശ്നത്തിൽ മാനേജ്മെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട് ദുഃഖകരമായ അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. യൂണിവേഴ്സിററി സ്റ്റാററ്യൂട്ട് പ്രകാരമുള്ള ഇൻട്രാ യൂണിവേഴ്സിററി സ്ഥലംമാററമാനദണ്ഡങ്ങൾക്കനുസരിച്ച് അദ്ധ്യാപകരുടെ ഓപ്ഷൻ കഴിഞ്ഞ ജൂൺ 30നു മുമ്പ് തന്നെ മാനേജ്മെന്റ് വാങ്ങിയിരുന്നു. ഓപ്ഷന്റെ അടിസ്ഥാനത്തിൽ അർഹതയ്ക്കനുസരിച്ച് 20 അദ്ധ്യാപകരെ വാഴൂർ എൻ.എസ്.എസ് കോളജിൽ നിന്ന് ചങ്ങനാശേരി ഹിന്ദുകോളജിലേക്കും 18 അദ്ധ്യാപകരെ ചങ്ങനാശേരിയിൽ നിന്നും വാഴൂരിലേക്കും സ്ഥലം മാററികൊണ്ട് ഉള്ള ഉത്തരവ് മാനേജ്മെന്റ് പുറത്തിറക്കി. സ്ഥലം മാററപ്പെട്ടവരെ ഒക്ടോബർ 15ന് റിലീവ് ചെയ്യാനായിരുന്നു ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്.

എന്നാൽ ഇതിനിടയിൽ ചങ്ങനാശ്ശേരി ഹിന്ദു കോളജിലെ രണ്ട് അദ്ധ്യാപികമാർ മാനേജ്മെന്റിന്റെ സ്ഥലമാററ ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും അവരുടെ സ്ഥലം മാററത്തിനുമാത്രം സ്റേറ വാങ്ങുകയും ചെയ്തു. ഈ അദ്ധ്യാപികമാരിൽ ഒരാൾ എൻ.എസ്.എസ് ഡയറക്ടർ ബോഡംഗത്തിന്റെ ഭാര്യയും മററൊരാൾ ഒരു എൻ.എസ്.എസ് ഉദ്യോഗസ്ഥന്റെ ഭാര്യയുമാണ്. തുടർന്ന് ഒക്ടോബർ 15ന് ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും എകെപിസിടിഎ കോടതിയിൽ നടത്തിയ ഇടപെടൽ മൂലം അവർക്ക് സ്റേറ വാങ്ങാൻ കഴിഞ്ഞില്ല.

15-ാം തീയതി വൈകിട്ട് വാഴൂർ കോളജിലെ 18 അദ്ധ്യാപകർക്കും പ്രിൻസിപ്പൽ റിലീവിംഗ് ഓർഡർ നൽകി. ഇതോടൊപ്പം ചങ്ങനാശ്ശേരിയിലെ 16 അദ്ധ്യാപകർക്ക് അവിടെ നിന്നും റിലീവിംഗ് ഓർഡർ നൽകുകയുണ്ടായി. റിലീവിംഗ് ഓർഡർ ലഭിച്ച വാഴൂർ കോളജിലെ 17 അദ്ധ്യാപകർ ഒക്ടോബർ 16ന് ചങ്ങനാശ്ശേരിയിൽ ജോലിയിൽ പ്രവേശിക്കുവാൻ എത്തിയെങ്കിലും റിലീവിംഗ് ഓർഡറുകൾ തടഞ്ഞുവെച്ചുകൊണ്ടുള്ള മാനേജരുടെ ഉത്തരവാണ് അവരെ സ്വാഗതം ചെയ്തത്. ജോലിയിൽ പ്രവേശിക്കുവാനെത്തിയ സീനിയർ ആയ അദ്ധ്യാപകർ അപമാനിക്കപ്പെടുകയാണുണ്ടായത്.. ഗത്യന്തരമില്ലാതെ ഇവർക്ക് വാഴൂരിൽ മടങ്ങിയെത്തേണ്ടി വന്നു. ഹൈക്കോടതിയിൽ സ്ഥലം മാററം സംബന്ധിച്ച് കേസുകൾ നടന്നുകൊണ്ടിരിക്കുന്നുവെന്ന കാരണം പറഞ്ഞ് കേസുകളുമായി യാതൊരു ബന്ധവുമില്ലാത്തവയടക്കം എല്ലാ സ്ഥലം മാററങ്ങളും തടഞ്ഞുകൊണ്ടുള്ള ഉത്തരവ് മാനേജ്മെന്റ് ഇറക്കി. സ്ഥലം മാററത്തിന് വിധേയരായ 38 അദ്ധ്യാപകരിൽ 2 പേർക്ക് മാത്രമെ ഹൈക്കോടതി സ്റേറ നൽകിയിരുന്നുള്ളൂ. ഇതിനിടയിൽ സ്റ്റാററ്യൂട്ടിനെ ചോദ്യം ചെയ്തുകൊണ്ട് മാനേജ്മെന്റ് കോടതിയെ സമീപിച്ചുവെങ്കിലും സ്റ്റാററ്യൂട്ട് സ്റേറ ചെയ്യാൻ കോടതി തയാറായില്ല. ഇൻട്രാ യൂണിവേഴ്സിററി സ്ഥലം മാററ ചട്ടങ്ങൾക്കനുസൃതമായി ഉത്തരവിറക്കിയ മാനേജ്മെന്റ് തന്നെ, മാനേജ്മെന്റിനെ ചോദ്യം ചെയ്ത് ഹൈക്കോടതിയെ സമീപിച്ച പരാതിക്കാർക്കൊപ്പം ചേർന്നത് ഖേദകരമായി. നവംബർ 17ന് സ്ഥലംമാററം സംബന്ധിച്ചുള്ള പരാതികൾ അവസാനിപ്പിച്ചുകൊണ്ട് ഹൈക്കോടതി പരാതിക്കാരോട് വൈസ്ചാൻസിലറെ സമീപിക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ് വൈസ് ചാൻസിലർ ഒരു മാസത്തിനുള്ളിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കണം.

ഇരുപത് വർഷത്തിലധികം അസൗകര്യമായി ജോലി ചെയ്ത നിരവധി അദ്ധ്യാപകർക്ക് ഈ സ്ഥലം മാററത്തിലൂടെ നീതി ലഭിക്കുമായിരുന്നു. എൻ.എസ്.എസ് കോളജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് സംതൃപ്തമായി പ്രവർത്തിയെടുക്കുവാനുള്ള അവസരം അട്ടിമറിക്കാൻ അദ്ധ്യാപകർ തന്നെ തയ്യാറായി എന്നുള്ളതാണ് ഏറെ ദുഃഖകരമായിട്ടുള്ളത്. റീഡർ തസ്തികയിൽ ഇരിക്കുന്നവരെ സ്ഥലം മാററാൻ പാടില്ല എന്നും മററുമുള്ള വാദങ്ങളാണ് കോടതിയിൽ ഉന്നയിച്ചത്. മററുള്ളവർക്കില്ലാത്ത ചില പ്രത്യേകാവകാശങ്ങൾ തങ്ങൾക്കുള്ളതായി ചില അദ്ധ്യാപകർ ധരിച്ചിട്ടുള്ളതായി തോ

# Resolution on Movement

## *Unanimously Adopted by XXI Statutory Conference (No.9-11, 2001), at Lucknow.*

The Twenty first biennial Statutory Conference of the All India Federation of University and College Teachers' Organisations (AIFUCTO) takes serious note of the anti-education policies being pursued by the Govt. of India and State Governments.. The results of such policies are deleterious for the development of the nation. Blatantly negative reduction in grants to the state-funded higher education institutions and R&D institutions in the country has serious by hindered the growth of learning and knowledge.

The AIFUCTO has strongly opposed and resisted the injudicious decisions of the governments in favour of privatisation and commercialisation of education in general and higher education in particular; whereas the UNESCO's Conference on Higher Education has given the call for the massification of higher learning, India has only 6% of the youth in this sector; whereas atleast 20% of the youth must be in this sector to ensure the basic needs of self-reliance. Dynamics of state expenditure is always vital for the development of democratic education system particularly 100% literacy, but the negation of this important aspect is evident in continuous reduction of state funding from the first five year plan at 7.9% to 3.8% in the ninth plan. AIFUCTO urgently calls for raising the GDP percentage allocation to 6% forthwith and raising it further to 10%. Knowing well that the governments at the Central & State levels have been imposing cuts on the grant-in-aid schemes for Universities, non government and government colleges have serious implications for education, so the AIFUCTO strongly feels that these policies would sound death-knell of state-funded system and give impetus to profiteers and exploiters in the field of higher education..

The AIFUCTO is opposed to any kind of governmental surrender before the forces of neo-imperialism in the form of Structural Adjustment Policy(SAP) being enforced on the developing nations through the multilateral mechanisms like WTO, IMF, World Bank and other agencies. Liberalisation must not be construed as an instrument of suppression of the economies of the developing nations, reduction in social welfare subsidies and thus open invitation to privatisation and commercialisation of education. On the other hand, empowerment of the poor, the illiterate, the under nourished, the unemployed, the homeless and all other marginalised sections is the call of the hour. Instead of deleting the negative features of the earlier rounds, the WTO is enforcing

---

ന്നുന്നു.

കേരള, കാലിക്കററ് സർവ്വകലാശാലകളിൽ ഇൻട്രാ-ട്രാൻസ്ഫർ നിയമങ്ങളനുസരിച്ചുള്ള സ്ഥലം മാററങ്ങൾ എൻ.എസ്.എസ്.മാനേജ്മെന്റ് നടപ്പിലാക്കിയിട്ടുള്ളത് ഈ അവസരത്തിൽ സ്മരിക്കുകയാണ്. ഇതിന്റെ ഫലമായി സംതൃപ്തരായ അദ്ധ്യാപകരാണ് ഇവിടങ്ങളിലുള്ളത് എൻ.എസ്.എസ് കോളജുകളിലെ അക്കാദമിക് രംഗത്ത് ഉണർവ്വും ഉയർച്ചയുമുണ്ടാകാൻ ഈ നടപടികൾ സഹായകരമായി. ഈ അവസരത്തിൽ എം.ജി.യൂണിവേഴ്സിററിക്കു കീഴിലുള്ള അദ്ധ്യാപകർക്കും തുല്യ അവസരങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഇന്നത്തെ അവസ്ഥക്ക് മാററം വരുത്താൻ, സ്റ്റാററ്യൂട്ടനുസരിച്ചുള്ള സ്ഥലം മാററങ്ങൾ ഉടൻ തന്നെ നടപ്പിലാക്കാനും മാനേജ്മെന്റ് തയ്യാറാകേണ്ടിയിരിക്കുന്നു. •

General Agreement on Trade and Service at Doha-Qatar and that way opening avenues for the foreign and local private universities which would make education much costlier and edge out more and more people. Elitism is the bane and so we oppose the WTO-sponsored education policies. Impacted by the WTO policies the sectors like agriculture, industry, trade, services, education, science & technology are on the downward slide and that has extremely serious implications for the Indian people. Any international/national negation of India's recognised policy of self-reliant economy with openness to learn from world technologies is retrogressive and worthy of stringent opposition.

After careful study of the Ambani-Birla Report on Reforms in Education, the AIFUCTO has concluded that the Report is highly anti-education and so worthy of rejection. Rampant commercialisation of education has to be opposed and so the conference called upon the students and the student/youth organisation to compaign to end the growing menace. Students and parents have been burdened with back-breaking fee-fund structure; this is bound to further escalate into major crises for the teachers and the students if the governments abandon the state-funded system. Campaigns to sensitise the people be organised to defeat the anti-education and anti-nation forces.

Protecting the dignity of education, teaching profession and the teacher is paramount for AIFUCTO. Consistent efforts have helped improve wages and service conditions, but the authoritarian attitude of the HRD Ministry and UGC towards the latest review has caused anguish and resentment among University and college teachers as the Agreements of 5.9.98 and 6.10.99 have not been implemented so far. The AIFUCTO strongly condemns the callous attitude of the governments of Bihar and Jharkhand in not so far granting proper notification on revision of pay-scales and service conditions as per the UGC Notification of 24.12.1998 against which the HRD Ministry is to grant 80% of additionality.

Besides seeking immediate solution of the problems of teachers in Bihar and Jharkhand and the implementation of the Agreements, the national movement of teachers would seek; Right to Education as Fundamental Right; 6% of GDP for education; to strengthen state-funded education system to save the people from rampant exploitation; to save the nation from the scourge of foreign and local private universities and to strengthen the demoractic and secular character of the national through education. Agreed issues like CAS from 1.1.96; complete parity for DPEs and Librarians; provision of third promotion as Super Selection Grade; restoration of Professorship in Colleges; Upgradation of MPS Readers; UGC scales for teachers like instructors, Coaches, Accompanists and other issues already passed by the AIFUCTO and brought to the due attention of MHRD & UGC deserve immediate solution.

Broad-based actions and solidarity steps with fraternal organisations like FEDCUTA are recognised and would be pursued.

*The Biennial Conference decides:*

1. Each affiliate to organise one convention/conference/morcha during jan.2002 to highlight all the issues.
2. On Feb. 6th each affiliate/federation collectively to hold massive morcha in state capitals and submit memorandum to C.M.. and Governor.
3. On March 6th, the AIFUCTO would organise historic March to Parliament in New Delhi..
4.. The NEC of AIFUCTO would review the situation in March/April, 2002, and if compelled by the wrongful attitude of the MHRD and UGC, might plan highest form of agitational movement and other actions
5. To join and express solidarity with the five day protest dharma of FEDCUTA in New Delhi in Nov. 2001.

The conference decried the undemocractic and rigid attitude of Professor M.M..Joshi Union HRD Minister who had not held even one meeting with AIFUCTO since 5-9-98; had misled the Parliament on 22-2-2001 on the Agreement of 5-9-98 and had failed to resolve the issues already agreed upon. •

# ഓഫ് കാമ്പസ് സെൻററുകൾക്കെതിരെ ധർണ്ണ (2001 ഡിസംബർ 5)

## എസ്. ബി. കോളജ്, ചങ്ങനാശ്ശേരി



*ജനറൽ സെക്രട്ടറി പ്രതാപചന്ദ്രൻ നായർ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.*

**എം.ജി.** യൂണിവേഴ്സിററി ആരംഭിക്കാനിരിയ്ക്കുന്ന ഓഫ് കാമ്പസ് സെന്ററുകൾ നിലവിലുള്ള കോളജുകൾക്ക് ഭീഷണിയാകുമെന്ന് എ.കെ.പി.സി.ടി.എ സംസ്ഥാന ജനറൽ സെക്രട്ടറി എ. പ്രതാപ ചന്ദ്രൻ നായർ പ്രസ്താവിച്ചു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്ന് അധ്യാപകർക്ക് ശമ്പളവും വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യവുമുൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ ലഭിച്ചുപോരുന്ന ഇപ്പോഴത്തെ സംവിധാനം തകരുകയും ഉന്നതവിദ്യാഭ്യാസ രംഗം സമ്പൂർണ്ണമായി വാണിജ്യവത്കരിക്കപ്പെടുകയും ചെയ്യുന്ന ദുരവസ്ഥക്ക് കളമൊരുക്കരുതെന്ന് അദ്ദേഹം എം.ജി. യൂണിവേഴ്സിററിയോട് ആവശ്യപ്പെട്ടു. എം.ജി. യൂണിവേഴ്സിററിയുടെ ഓഫ് കാമ്പസ് സെന്ററുകൾക്കു മുമ്പിൽ എ.കെ.പി.സി.ടി.എ നടത്തുന്ന സമരത്തിന്റെ ഭാഗമായി എസ്.ബി. കോളജ് ഓഫ്കാമ്പസ് സെന്ററിനു മുമ്പിൽ നടത്തിയ അധ്യാപക ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡോ: വർഗീസ് ജോർജ്, ഡോ: വിജയകൃഷ്ണൻ, പ്രഫ: ഷാഹുൽ ഹമീദ്, പ്രഫ: ജയിംസ് മണിമല, ഡോ: ജെ.ജി.റേ എന്നിവർ പ്രസംഗിച്ചു. കേരള പ്രൈവററ് മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷനെ പ്രതിനിധീകരിച്ച് തോമസുകുട്ടി എം.ടി.സംസാരിച്ചു. ●

## സെൻറ് ആൽബർട്സ് കോളജ്, എറണാകുളം

എറണാകുളം ജില്ലയിലെ ധർണ്ണ സമരത്തിന് സെന്റ് ആൽബർട്ട്സ് കോളജ് ഒരു പ്രധാന കേന്ദ്രമായിരുന്നു. അന്നേദിവസം രാവിലെ 10 മണിക്ക് ആരംഭിച്ച ധർണ്ണാസമരം ആരാധ്യനായ കൊച്ചി മേയർ ശ്രീ.സി.എം. ദിനേശ്മണി ഉൽഘാടനം ചെയ്യുകയുണ്ടായി. കേരളാ യൂണിവേഴ്സിററി സിൻഡിക്കേററ് അംഗം പ്രൊഫ.ആർ. മോഹൻ കുമാർ ധർണ്ണയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. ധർണ്ണയിൽ ആൽബർട്ട്സിലെ അദ്ധ്യപാകർക്കൊപ്പം, എസ്.എച്ച്,കോളജ്, തേവര, കൊച്ചിൻ കോളജ്, കൊച്ചി എന്നിവിടങ്ങളിലെ അദ്ധ്യാപകരും പങ്കുചേർന്നു. ജില്ല ജോയിന്റ് സെക്രട്ടറി പ്രൊഫ.ഷാജി ജോസഫ്, പ്രൊഫ.എൻ.രാമചന്ദ്രൻ, ഡോ: എ.വി.അജയൻ, പ്രൊഫ.എം. പ്രേംകുമാർ, പ്രൊഫ.സെബാസ്റ്റ്യൻ കാട്ടടി, സെനററ് അംഗം ഡോ: ജോസഫ് ജോസ്, പ്രൊഫ. എഡ്വിൻ തോംസൺ എന്നിവർ ധർണ്ണയ്ക്ക് നേതൃത്വം നല്കി. ●

## ശ്രീ ശങ്കരാ കോളജ്, കാലടി

**ജില്ലയിൽ** ശക്തമായ സമരം, വർദ്ധിച്ച അദ്ധ്യാപക
പങ്കാളിത്വത്തോടെ ശ്രീ ശങ്കരാ കോളജിൽ നടക്കുക
യുണ്ടായി. ധർണ്ണ സമരപരിപാടി, എകെപിസിടിഎ സം
സ്ഥാന സെക്രട്ടറി പ്രൊഫ. എ.ശിവരാമൻ ഉദ്ഘാടനം

ചെയ്യുകയുണ്ടായി. തൃശ്ശൂർ ജില്ലാ സെക്രട്ടറി ഡോ: കെ.
വിജയൻ ധർണ്ണയിൽ പങ്കെടുത്തു. സംസ്ഥാന കമ്മററി
അംഗം പ്രൊഫ. വി.പി.ശിവശങ്കരൻ നായർ, സെനററ്
അംഗം കെ.കൃഷ്ണദാസ്, ബ്രാഞ്ച് സെക്രട്ടറി ശമ്പു
നമ്പുതിരി, ഡോ: മോഹൻ കുമാർ എന്നിവർ ധർണ്ണ
യ്ക്ക് നേതൃത്വം നൽകി. ●

## സെൻറ് പോൾസ് കോളജ്, കളമശ്ശേരി

**കളമശ്ശേരി** സെന്റ് പോൾസ് കോളജിൽ നടന്ന
ധർണ്ണയിൽ വർക്കിംഗ് കമ്മററി അംഗം പ്രൊഫ. ഹബീ
ബ് റഹുമാൻ, പാലക്കാട് ജില്ലാസെക്രട്ടറി പ്രൊഫ.
സി. മുരളീധരൻ, പ്രസിഡന്റ് പ്രൊഫ. കെ.ററി. ചെറി

യാൻ, എറണാകുളം ജില്ലാപ്രസിഡന്റ് പ്രൊഫ. കെ.
കെ.ജോഷി തുടങ്ങിയവർ പങ്കെടുത്തു. കോളജിലെ
ധർണ്ണ പരിപാടിക്ക് സംസ്ഥാന സെക്രട്ടറി പ്രൊഫ.
വി.സി. ആന്റണി, പ്രൊഫ. കെ.വി.എൻ. ശർമ്മ തുട
ങ്ങിയവർ നേതൃത്വം നല്കി. ●

## സെൻറ് സേവിയേഴ്സ് കോളജ്, ആലുവ




**ആലുവാ** സെന്റ് സേവിയേഴ്സ് കോളജിലെ ഡി
സംബർ അഞ്ചിന്റെ ധർണ്ണ സമരം സംഘടനാ പ്രവർ
ത്തനത്തിലെ ഒരു സുപ്രധാന സംഭവമാണ്. ആദ്യമാ
യാണ് ഈ വനിതാ കോളജിൽ ഒരു ധർണ്ണ സമരം
സംഘടിപ്പിയ്ക്കുന്നത്. ധർണ്ണയിൽ 22
അദ്ധ്യാപകർ പങ്കെടുത്തു. ധർണ്ണ വി
ജയിപ്പിയ്ക്കുന്നതിൽ ആലുവ യു.സി.
കോളജിലെ അദ്ധ്യാപകർ ഒരു നിർ
ണ്ണായക പങ്ക് വഹിച്ചു. യു.സി. കോള
ജിലെ ഒരു സംഘം വിദ്യാർത്ഥികൾ
ധർണ്ണയ്ക്ക് അഭിവാദനങ്ങൾ അർപ്പി
യ്ക്കാനെത്തിയത് എടുത്തു പറയേണ്ട
താണ്. എകെപിസിടിഎ സംസ്ഥാന
വൈസ്പ്രസിഡന്റ് പ്രൊഫ. വി.രാജ
ഗോപാൽ, കൊല്ലം ജില്ലാ സെക്രട്ടറി
പ്രൊഫ. ജെ.വി.പണിക്കർ, വയനാട്
ജില്ലാ പ്രസിഡന്റ് പ്രൊഫ. കെ.എം.
മാത്യു എന്നിവർ ധർണ്ണയെ അഭിസം
ബോധന ചെയ്ത് സംസാരിയ്ക്കുക
യുണ്ടായി. സംഘടനയുടെ വനിതാവി
ഭാഗം സംസ്ഥാനകൺവീനർ പ്രൊഫ.
എം.പി. വിജയലക്ഷ്മി, എറണാകുളം
ജില്ലാ സെക്രട്ടറി ഡോ: രാജൻ വർഗ്ഗീസ് സെനററ്
അംഗം ഡോ: എ.സണ്ണി കുര്യാക്കോസ് എന്നിവർ ധർ
ണ്ണയ്ക്ക് നേതൃത്വം നല്കി. ●

## കെ. ഇ. കോളജ്, മാന്നാനം

**President** Thomas Joseph inaugurated the dharna. Kuttikrishnan (Area Secretary, Kannur), Johny K. John (DC laison officer), P.D Pathrose (Devamatha College, Kuravilangad), K.K.Mathew (secretary, KPCMSF Unit, KE College) and others spoke. 38 teachers (28 from KE College, 8 from Devamatha and 2 stae committee representatives) participated in the dharna. Unit President JL Rajan welcomed the participants and secretary Tomichan Joseph offered the vote of thanks.

## സെൻറ് അലോഷ്യസ് 'കോളജ്, എടത്വാ




*എം. ജി. യൂണിവേഴ്സിററി മുൻ സിൻഡിക്കേററംഗം*
*പ്രൊഫ. കെ. സദാശിവൻനായർ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.*

**മഹാത്മാഗാന്ധി** സർവ്വകലാശാല ആരംഭിച്ചിരിക്കുന്ന 'ഓഫ് കാമ്പസ് സെന്ററുകൾ' ക്കെതിരെ എകെപിസിടിഎ യുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ നടത്തി. എടത്വ സെന്റ് അലോഷ്യസ് കോളജിനു മുന്നിൽ നടത്തിയ ധർണ്ണ എം.ജി.യൂണിവേഴ്സിററി മുൻ സിൻഡിക്കേററംഗം പ്രൊഫ: സദാശിവൻ നായർ ഉദ്ഘാടനം ചെയ്തു.

അഫിലിയേററിംഗ് സമ്പ്രദായത്തെ തകർത്തു കൊണ്ട് വിദ്യാർത്ഥികളെ കൊള്ളയടിക്കാനും കോളജുകളെ സ്വകാര്യ കച്ചവട കേന്ദ്രങ്ങളാക്കുവാനുമുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമാണ് ഓഫ് കാമ്പസ് സെന്ററുകൾ. ഇവയ്ക്ക് യുജിസി അംഗീകാരമില്ല. റഗുലർ കോഴ്സുകൾക്ക് പാരലലായി വിദ്യാഭ്യാസ കച്ചവടം നടത്തുവാനുള്ള ഏതു ശ്രമവും എതിർക്കപ്പെടണമെന്ന് സദാശിവൻ നായർ പറഞ്ഞു. പ്രൊഫ: ബി.ശ്രീകുമാർ, പ്രൊഫ: പി.രഘുനാഥ്, പ്രൊ: കെ. എ.ജോർജ്, പ്രൊ: ജി.ബാലചന്ദ്രൻ, പ്രൊഫ: കെ.ഖാൻ, പ്രൊഫ: ആന്ത്രോസ് ജോസഫ്, രാജേന്ദ്രൻ, പ്രശാന്ത്, ഉത്തമൻ, ശ്രീലേഖ എന്നിവർ സംസാരിച്ചു.

## സെൻറ് ജോർജ് കോളേജ്, അരുവിത്തുറ




എം. ജി. സർവ്വകലാശാല ആരംഭിച്ചിട്ടുള്ള ഓഫ് ക്യാമ്പസ് സെൻററുകൾക്കെതിരെ എ.കെ. പി.സി.ടി.എ. നടത്തുന്ന സമരപരിപാടികളുടെ ഭാഗമായി അരുവിത്തുറ സെൻറ്ജോർജ് കോളജിനു മുന്നിൽ നടന്ന ധർണ്ണ സംസ്ഥാന സമിതി അംഗം പ്രൊഫ. പി. കെ.രാധാകൃഷ്ണപണിക്കർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി കെ. വിജയധരൻ, കെ. സി. ജോസഫ് (കെ.പി. സി. എം. എസ്.എഫ്), പി. എൻ. ഹരിദാസ് (കെ.എസ്.ടി.എ), സി. കെ. ഹരിഹരൻ (എൻ.ജി.ഒ) പ്രൊഫ. ജോസഫ് ടി. ജോസ് എന്നിവർ സംസാരിച്ചു. സമീപ കോളജിലെ അദ്ധ്യാപകർ ധർണ്ണയിൽ പങ്കെടുത്തു.

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487–335660

**PUBLISHERS & DISTRIBUTORS FOR**

MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE, ETC. ETC

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487–335292

ബ്രാഞ്ചുകൾ

**കോഴിക്കോട്**

Rly. സ്റ്റേഷൻ ലിങ്ക് റോഡ്

Ph: 0495-703487

**എറണാകുളം**

പ്രസ്സ് ക്ലബ്ബ് റോഡ്

Ph: 0484- 353818

# പ്രക്ഷോഭകാരി

പ്രൈവററ് മാനേജ്മെന്റ് കോളജ് അദ്ധ്യാപകരോട് പ്രതികാരബുദ്ധിയോ
ടുകൂടി മാത്രമേ പെരുമാറിയിരുന്നുള്ളൂ. സേവനവ്യവസ്ഥകൾ ഇല്ലായിരുന്നു.
വളരെ തുച്ഛമായ ശമ്പളം. അലവൻസ് ഇല്ല. ഇൻക്രിമെന്റ് കേട്ടുകേൾവി
പോലുമുണ്ടായിരുന്നില്ല. ഇഷ്ടംപോലെ നിയമിക്കുകയും പിരിച്ചുവിടുകയും
ചെയ്തിരുന്നു. പ്രതിഷേധിക്കാനാവാതെ പീഡനം അനുഭവിച്ച വർഗ്ഗം. അന്നും
അദ്ധ്യാപകന്റെ അന്തസ്സ് ഉയർത്തിപ്പിടിച്ച് അടിച്ചമർത്തലുകൾക്കെതിരെ ധീര
മായ ചെറുത്ത് നിൽപ്പ് നടത്തിയ നിരവധി അദ്ധ്യാപകരുടെ കൂട്ടത്തിൽ പ്രൊ
ഫ.എൻ.രാജശേഖരൻ നായർ ശ്രദ്ധേയനായിരുന്നു. കൊല്ലത്തിനടുത്ത് കരു
നാഗപ്പള്ളിയാണ് സ്വദേശം. കൊല്ലം എസ്.എൻ.കോളജിൽ ഇംഗ്ലീഷ് അദ്ധ്യാ
പകനായി ജോലിയിൽ പ്രവേശിച്ചു. പ്രഗത്ഭനായ അദ്ധ്യാപകൻ. സംഘാടകൻ.
അതിലുപരി വിദ്യാർത്ഥികളുടെ പ്രിയങ്കരൻ. മററു മാനേജുമെന്റുകളിൽ നി
ന്നും സംഘടനയോടും സംഘടനാ പ്രവർത്തകരോടും അനുഭാവപൂർവ്വമായ
നിലപാടുകളാണ് എസ്.എൻ.മാനേജ്മെന്റ് പുലർത്തിപ്പോന്നിരുന്നത്. അദ്ധ്യാ
പകർക്ക് നിഷേധിച്ചിരുന്ന ഇൻക്രിമെന്റ് ആദ്യമായി നൽകുന്നതിനുള്ള സൻ
മനസ് പ്രകടിപ്പിച്ച മാനേജ്മെന്റായിരുന്നു എസ്.എൻ. അതുകൊണ്ടുതന്നെ
മററു മാനേജുമെന്റുകളുടെ ശത്രുത പിടിച്ചു പററുകയും ചെയ്തു. പെട്ടെന്നാ
ണ് മാനേജ്മെന്റിന്റെ സ്വഭാവത്തിൽ മാററങ്ങൾ കണ്ടു തുടങ്ങിയത്. ഒരു കാര
ണവും കൂടാതെ അദ്ധ്യാപകരെ പിരിച്ചു വിട്ടുകൊണ്ട് അദ്ധ്യാപക ദ്രോഹ ന
ടപടികൾക്ക് തുടക്കം കുറിച്ചു. പ്രഗത്ഭനായ ആർ.ശങ്കർ ആയിരുന്നു മാനേ
ജർ. പ്രൊഫ.രാജശേഖരൻ നായരെ ചേർത്തല എസ്.എൻ.കോളജിലേക്ക് ഒരു
മുന്നറിയിപ്പും കൂടാതെ സ്ഥലം മാററി. അതിനുമുൻപു തന്നെ മാനേജ്മെന്റി
ന്റെ ആശ്രിത വത്സലനായ ഒരാളെ ചേർത്തലയിൽ പ്രിൻസിപ്പാളായി നിയമി
ച്ചിരുന്നു. പ്രിൻസിപ്പാളിന്റെ ഒത്താശയോടുകൂടി പ്രൊഫ.രാജശേഖരൻ നായർ
ക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് സസ്പെന്റ് ചെ
യ്തു. സംഘടനാചരിത്രത്തിൽ എന്നും ഓർക്കുന്ന ആവേശകരമായ പ്രതിഷേ
ധമാണ് 1968-69 കാലങ്ങളിൽ എസ്.എൻ.മാനേജുമെന്റുകൾക്കെതിരെ അദ്ധ്യാ
പകർ നടത്തിയത്. സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, കേരളാ യൂ
ണിവേഴ്സിററി സിൻഡിക്കേററ് അംഗം എന്നീ നിലകളിൽ സംഘടനയെ ന
യിച്ച പ്രൊഫ.ടി.ഗോപലാകൃഷ്ണൻ, പ്രൊഫ.ബലറാം, പ്രൊഫ.ഗുരുദാസ്, പ്രൊ
ഫ.എസ്.വിശ്വനാഥൻ, പ്രൊഫ.മഹീന്ദ്രൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ശ
ക്തമായ പ്രക്ഷോഭം നടന്നു. പ്രൊഫ.രാജശേഖരൻ നായർക്കെതിരെ കെട്ടി
ച്ചമച്ച ആരോപണങ്ങളിൽ പ്രധാനപ്പെട്ടത് കുട്ടികളെ പ്രേരിപ്പിച്ച് കോളജുകളു
ടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്നു എന്നതായിരുന്നു. എൻ
ക്വയറി കമ്മീഷന് വേണ്ടത്ര തെളിവുകൾ ശേഖരിക്കാനോ കുററാരോപണം
തെളിയിക്കാനോ കഴിഞ്ഞില്ലെങ്കിലും രാജശേഖരൻ നായരെ സർവ്വീസിൽ നി
ന്നും പുറത്താക്കി, ഹൈക്കോടതിയിൽ ഇതിനെതിരെ സംഘടന അപ്പീൽ നൽ
കിയെങ്കിലും വിജയിച്ചില്ല. ഒരു പക്ഷെ അതിന്റെ ഫലമായി സ്വകാര്യ കോളജ്
അദ്ധ്യാപകർക്ക് കൈവന്ന നേട്ടങ്ങളിൽ ഒന്നായി യൂണിവേഴ്സിററി ട്രിബ്യൂണു
കളെ കണക്കാക്കാം. സംസ്ഥാന ജോയിന്റ് സെക്രട്ടറിവരെ എത്തിയ പ്രൊ
ഫ.രാജശേഖരൻ നായർ അടിച്ചമർത്തലുകൾക്കെതിരെ സധൈര്യം പോരാടി
അദ്ധ്യാപകരുടെ അഭിമാനം സംരക്ഷിക്കാൻവേണ്ടി സർവ്വീസിൽ നിന്നും
പുറത്തുപോയ നേതാവായിരുന്നു. ●

**സതീശ് ചന്ദ്രൻ**
*എസ്. എൻ. കോളേജ്, വർക്കല*

# ശ്രദ്ധിക്കേണ്ട ഒരു നോവൽ

ഡോ.സി. ആർ.പ്രസാദ്
എം.ജി.കോളജ്, തിരുവനന്തപുരം

**ചില പുസ്തകങ്ങളുടെ** വിധി അങ്ങനെയാണ്. രചിക്കപ്പെട്ട കാലത്ത് ശ്രദ്ധ പിടിച്ചുപററാൻ സാധിക്കാതെ വരികയും പിൽക്കാലം യഥാർത്ഥമൂല്യം തിരിച്ചറിയുകയും ചെയ്യുന്ന വിധി. 1892 ജനുവരി 1-ന് പ്രസിദ്ധീകരിച്ച പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീ വിജയം' എന്ന നോവലിന്റെ വിധിയും ഇതുതന്നെയാണ്. 2001ൽ സി.ഐ.സി.സി.ബുക്ക് ഹൗസ്, എറണാകുളം ഈ നോവൽ പുനഃപ്രസിദ്ധീകരിച്ചപ്പോൾ വെളിച്ചം കിട്ടാതെ പോകുമായിരുന്ന ഒരു നോവൽ വീണ്ടും ചർച്ചാ വിഷയമാവുകയാണ്.

സാമൂഹിക പരിഷ്കരണം വിദ്യാഭ്യാസത്തിലൂടെ നടത്താൻ കഴിയും എന്ന് വിശ്വസിച്ച ആളാണ് പോത്തേരി കുഞ്ഞമ്പു. 1857 ജൂണിൽ കണ്ണൂരിനടുത്തുള്ള പണിക്കുന്നിൽ ജനിച്ച കുഞ്ഞമ്പു മെട്രിക്കുലേഷൻ ജയിച്ച് കോടതി ഗുമസ്തനായും പിന്നീട് നിയമപരീക്ഷ ജയിച്ച് വക്കീലായും പ്രവർത്തിച്ചിരുന്നു. തീയ്യ വിഭാഗത്തിൽ പിറന്ന അദ്ദേഹം പുലയർക്കുവേണ്ടി ഒരു വിദ്യാലയവും സ്ഥാപിച്ചു. സ്വന്തം സമുദായത്തിൽ നിന്നുപോലും അദ്ധ്യാപകരെ ലഭിക്കാതെ വന്നപ്പോൾ സ്വന്തം സഹോദരനെ ആ ജോലിയേൽപ്പിച്ച് സമൂഹത്തിനെതിരെ തന്റേടത്തോടെ നിൽക്കാൻ കുഞ്ഞമ്പു തയ്യാറായി. പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനുവേണ്ടി എല്ലാ രീതിയിലും പ്രവർത്തിക്കാൻ തയ്യാറായ വ്യക്തിയാണ് പോത്തേരി കുഞ്ഞമ്പു. സാഹിത്യപ്രവർത്തനവും ആ ലക്ഷ്യത്തിനായിരിക്കണം എന്ന് കുഞ്ഞമ്പു വിശ്വസിച്ചു.




നോവലിന്റെ മുഖവുരയിൽ കുഞ്ഞമ്പു ഇങ്ങിനെ എഴുതുന്നു"..... മലയാളത്തിലെ പുലയരുടെ സങ്കടാവസ്ഥ ഓർത്ത് ഈ പുസ്തകം എഴുതാൻ ഇടവന്നതാണ്. ഈ പുസ്തകത്തിന്നു 'സരസ്വതീവിജയം' എന്ന പേരു കൊടുത്തതിന്ന് ഒന്നാമത്തെ കാരണം മേൽ എഴുതിയതുതന്നെയാകുന്നു. ഈ കഥ വായിക്കുന്ന ഏതൊരു മലയാ

ളിക്കും മേൽപ്രകാരം കഷ്ടസ്ഥിതിയിൽ ഉള്ള ജീവികൾ
ളുടെ നേരെ ആർദ്രത തോന്നി ആ വക നിരാശ്രയന്മാ
രെ അവരുടെ സങ്കടസ്ഥിതിയിൽ നിന്നു മാത്രമെങ്കിലും
ഉദ്ധരിപ്പിക്കാൻ എന്റെ ഈ ചെറുതായ പ്രയത്നം ഇടവ
രുത്തുന്നുവെങ്കിൽ അതുതന്നെ എന്റെ ഈ പരിശ്രമത്തി
ന്റെ ഫലസിദ്ധിയാകുമായിരുന്നു" സാഹിത്യത്തിന്റെ
ലക്ഷ്യങ്ങളിൽ ഒന്ന് സാമൂഹിക പരിഷ്കരണം കൂടിയാ
ണ് എന്ന് തിരിച്ചറിഞ്ഞ ഒരു എഴുത്തുകാരന്റെ വാക്കു
കളാണ് ഇവ. അധഃസ്ഥിതന്റെ ജിഹ്വയായി സാഹിത്യം
മാറണം എന്ന് ഇന്ത്യയിൽ എഴുത്തുകാരുടെ സംഘടന
പറയുന്നതിന് എത്രയോ പതിററാണ്ടുകൾക്കുമുമ്പുണ്ടായ
ഈ അഭിപ്രായ പ്രകടനം കാലം തിരിച്ചറിയേണ്ടിയിരി
ക്കുന്നു.

യാഥാസ്ഥിതികനും അതിസമ്പന്നനുമായ കനശേഖരയില്ലത്ത് കുബേരൻ നമ്പൂതിരിയും കാര്യസ്ഥനായ രാമർകുട്ടിനമ്പ്യാരും മരത്തൻ എന്ന പുലയനും നമ്പൂതിരിയുടെ മകൾ സുഭദ്രയും പ്രധാന കഥാപാത്രങ്ങളായ നോവലാണ് സരസ്വതീ വിജയം. പാട്ടു പാടിയ കുററത്തിന് മരത്തനെ നമ്പൂതിരിയുടെ നിർദ്ദേശപ്രകാരം കാര്യസ്ഥൻ മർദ്ദിക്കുന്നു. മരത്തൻ മരിച്ചു എന്ന് തെററിദ്ധരിച്ച് മുസ്ലീങ്ങൾ ജന്മിക്കെതിരെ കേസുകൊടുക്കുന്നു. എന്നാൽ മരത്തൻ രക്ഷപ്പെടുകയും ബാസൽ മിഷൻകാരുടെ സഹായത്തോടെ പഠിച്ച് ജഡ്ജിയാവുകയും സുഭദ്രയുടെ മകളായ സരസ്വതിയെ വിവാഹം കഴിക്കുകയും ചെയ്യുന്നു. യേശുദാസൻ എന്ന പേരിലറിയപ്പെടുന്ന, മരത്തന്റെ കോടതിയിൽ ജന്മിയുടെ കേസു വരികയും നമ്പൂതിരിയെയും കാര്യസ്ഥനെയും വിട്ടയയ്ക്കുകയും ചെയ്യുന്നതായാണ് ഇതിവൃത്തം. രക്തബന്ധം കൊണ്ട് പുലയനും നമ്പുതിരിയും ഒന്നായിത്തീരുകയാണ്. തീണ്ടലും തൊടീലും ശക്തമായിരുന്ന ഒരു കാലത്ത് ഇത്തരം ഒരു ഇതിവൃത്തം സങ്കല്പിക്കുകയും അതു സാഹിത്യരൂപത്തിൽ അവതരിപ്പിക്കുകയും ചെയ്തു എന്ന കാര്യം ശ്രദ്ധേയമാണ്. അക്കാലഘട്ടത്തിലെ സാഹിത്യമൂല്യ വിചാരത്തിന് ഇതിന്റെ സവിശേഷത കണ്ടെത്താൻ കഴിഞ്ഞില്ല. അതേ അളവുകോൽ കൈയ്യിൽ കരുതുന്നതുകൊണ്ടാവാം ഈ കൃതിക്ക് നേരെ അശ്രദ്ധരാവാൻ ഇന്നത്തെ ആളുകൾക്കും കഴിയുന്നത്.

പുതിയ പതിപ്പിന്റെ അവതാരിക എഴുതിയ കെ.കെ.കൊച്ചിന് കൃതിയുടെ മൂല്യം കണ്ടെത്താൻ കഴിഞ്ഞിരിക്കുന്നു. എന്നാൽ ചില ഘട്ടങ്ങളിൽ പാളിച്ചയും സംഭവിച്ചിട്ടുണ്ട്. വാമൊഴിയിൽ നിന്നു മുക്തമായ ചെർമ്മിയുടെ ഭാഷയെക്കുറിച്ചുള്ള അഭിപ്രായം ഒരു സന്ദർഭം. മറെറാന്ന് ഇന്ദുലേഖയെ പരാമർശിക്കേണ്ടിവരുന്ന ഘട്ടവും. ഒന്നിന്റെ വെളിച്ചം കൂട്ടാൻ അടുത്തു നിൽക്കുന്നതിനെ ഇരുട്ടിലാക്കുന്ന തന്ത്രം അവതാരികാകാരൻ എടുത്തു പ്രയോഗിച്ചിരിക്കുന്നു. ആ ശ്രമം ഇല്ലെങ്കിൽ പോലും 'സരസ്വതീ വിജയ'ത്തിന്റെ മൂല്യം ചർച്ചയിൽ വെളിപ്പെടുന്നതാണ്. ●

*പ്രസാദകർ: സി. ഐ. സി. സി എറണാകുളം*
*വില: 45 രൂപ*

# ആരാണ് ഉത്തരവാദി?

ഡോ. ആർ.ബി.രാജലക്ഷ്മി
എം.ജി.കോളജ്, തിരുവനന്തപുരം

"അച്ഛനും അമ്മയും രണ്ടു മക്കളും വിഷം കഴിച്ച് ആത്മഹത്യ ചെയ്തു. "നാലംഗ കുടുംബം ദുരൂഹ സാഹചര്യത്തിൽ വെന്തു മരിച്ചു", "അമ്മ മക്കളെ കിണററിലെറിഞ്ഞു കൊന്ന ശേഷം ആത്മഹത്യക്കു ശ്രമിച്ചു പരാജയപ്പെട്ടു. മരണകാരണം വ്യക്തമല്ല". "കർഷകൻ കടബാധ്യതമൂലം ജീവനൊടുക്കി". ഇങ്ങനെ ദിനപത്രങ്ങളിൽ ഒന്നാം പേജിൽ അനുദിനം ഫോട്ടോ സഹിതം വന്നുകൊണ്ടിരിയ്ക്കുന്ന വാർത്തകൾ സാധാരണക്കാരെ ഞെട്ടിയ്ക്കാതായിരിക്കുന്നു. സ്വാഭാവിക മരണ വാർത്ത വായിക്കുന്ന ലാഘവത്തോടെ വായിക്കാമെന്നായിട്ടുണ്ട്. 'ഭാവത്തിൻ പരകോടിയിലെ അഭാവത്തിൻ സ്വഭാവ' മാർന്നിരിക്കുന്നു.

ആരാണ് ഈ ദുരന്തങ്ങൾക്കെല്ലാം ഉത്തരവാദി? വ്യക്തിയോ? സമൂഹമോ? ഏതുമാവാം. കേരളത്തിൽ വർദ്ധിച്ചു വരുന്ന കൂട്ട ആത്മഹത്യക്കാരുടെ കണക്കുകൾ, സാക്ഷരതയുടെയും ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളുടെയും ഉയർന്ന തോതുപോലെ ഉയർന്നുകൊണ്ടിരിയ്ക്കുന്നു. കാരണങ്ങൾ പലതാവാം. പക്ഷെ എത്തിച്ചേരുന്നത് ഒരേ കാര്യത്തിൽ. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ആത്മഹത്യയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഏതൊരു പ്രശ്നത്തെയും മറികടക്കാനുള്ള ശക്തി ജനങ്ങൾക്കു നഷ്ടപ്പെട്ടുവെന്നു തോന്നുന്നു.

വരുമാനത്തിന്റെ പതിന്മടങ്ങു കടംവാങ്ങി അടിച്ചുപൊളിച്ചു ജീവിയ്ക്കുക. കടബാധ്യത തരണം ചെയ്യാൻ കഴിയാതാവുമ്പോൾ ആത്മഹത്യയെന്ന മാർഗ്ഗം സ്വീകരിയ്ക്കുന്ന ഈ പ്രവണത വർദ്ധിച്ചു വരുന്നു. മുമ്പ് ആത്മഹത്യകൾ വ്യക്തി സ്വയം ക്ഷണിച്ചു വരുത്തുന്നതായിരുന്നുവെങ്കിൽ ഇന്നത് സാമൂഹിക ജീവിതത്തിലെ ഒട്ടനവധി മൂല്യച്യുതികളുടെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. മിക്കതും ഏതാണ്ട് സമാന സ്വഭാവമുള്ള ആത്മഹത്യകൾ. ഇതുകൂടാതെ സമൂഹം അടിച്ചേല്പിക്കുന്ന കാരണങ്ങളും ഒട്ടനവധിയാണ്. ആഗോളവൽക്കരണത്തിന്റെ ഭാഗമായുണ്ടായ ഉല്പന്നങ്ങളുടെ വിലത്തകർച്ച, നിത്യോപയോഗ സാധനങ്ങളുടെ കൊള്ളവില, മാധ്യമങ്ങളുടെ സ്വാധീനം അടിച്ചേൽപിക്കുന്ന ദുഷ്പ്രവണതകൾ, അതിരൂക്ഷമായിക്കൊണ്ടിരിയ്ക്കുന്ന തൊഴിലില്ലായ്മ, പിരിച്ചു വിടൽ ഭീഷണി, അങ്ങനെ നീണ്ടുപോകുന്ന പ്രശ്നങ്ങൾ പലതും സമൂഹസൃഷ്ടിയാണ്.

കുടുംബ ബന്ധങ്ങളിലെ അപസ്വരങ്ങളും തൻമൂലമുണ്ടാകുന്ന അകൽച്ചയും അവ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും പരിഹരിയ്ക്കാൻ അമിതമായ ധൂർത്ത് ഇല്ലാതാക്കാൻ കുടുംബിനിയ്ക്ക് മുൻകൈ എടുക്കാനാകും. പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹാരം കണ്ടെത്താനും കഴിയും.

നമ്മുടെ വാഗ്ദാനമായ വിദ്യാർത്ഥികളിലൂടെ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനാകും? കാമ്പസ്സിൽ ഇന്നു നിലനില്ക്കുന്ന അധ്യാപക-വിദ്യാർത്ഥി ബന്ധം സിലബസ്സു പഠിപ്പിച്ചു തീർക്കുന്നതിൽ മാത്രം ഒതുങ്ങുന്നു. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ കണ്ടറിയാനോ, വ്യക്തിത്വം തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിയ്ക്കാനോ ഉള്ള അവസരങ്ങൾ വിരളമാണ്. വളർന്നു വരുന്ന തലമുറയുടെ അസ്വസ്ഥതകളും വിഹ്വലതകളും അകററി ആരോഗ്യകരമായൊരന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കുടുംബത്തിലെന്ന പോലെ കാമ്പസ്സിലും അധ്യാപികമാർക്ക് കഴിയും. വിദ്യാസമ്പന്നരും സമൂഹത്തിന്റെ ഉന്നത ശ്രേണിയിൽ വർത്തിയ്ക്കുന്നവരുമായ അധ്യാപകർക്ക് പ്രത്യേകിച്ച് അധ്യാപികമാർക്കുള്ള പങ്ക് പരമ പ്രധാനമാണ്. ഒരനുഭവം.

മകൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരുപിതാവ്. അച്ഛന്റെ സ്നേഹാധിക്യത്തെ എന്തും ചെയ്യാനുള്ള ലൈസൻസായി കണ്ട മകൾ തെററായ വഴികൾ സ്വീകരിച്ചു തുടങ്ങി. മകളെ പഠിപ്പിച്ച് ഉന്നത നിലയിലെത്തിക്കാൻ വെമ്പൽ കൊള്ളുന്ന പിതാവ് ഇതറിഞ്ഞില്ലെങ്കിലും മകളുടെ കുടുംബ സുഹൃത്തായ അധ്യാപിക വഴിവിട്ട ജീവിതം തക്കസമയത്ത് കണ്ടെത്തുകയും നിരന്തരമായ 'കൗൺസിലിംഗി'ലൂടെ അവളെ അതിൽ നിന്നെല്ലാം പിന്തിരിപ്പിയ്ക്കുകയും ചെയ്തു. അച്ഛന്റെ അഭിലാഷത്തെ ബോധ്യപ്പെടുത്തി. ഒരു കുടുംബത്തെ കൂട്ട ആത്മഹത്യയിൽ നിന്നു രക്ഷിച്ച ചാരിതാർത്ഥ്യം അധ്യാപികയ്ക്ക്. ഇതുപോലെ എത്രയോ കുട്ടികൾ ദിശാബോധമില്ലാതെ, ശ്രദ്ധിക്കാനാളില്ലാതെ കൗമാര ചാപല്യങ്ങൾക്കടിമപ്പെട്ട്, നശിയ്ക്കുന്നത് കാമ്പസ്സുകളിൽ നിത്യ സംഭവമാണ്. ഇതിനൊരു പരിഹാരം കണ്ടെത്താനും നമ്മുടെ കുട്ടികളെ ഇത്തരം പ്രവണതകളിൽ നിന്നു രക്ഷിയ്ക്കാനും കഴിയും, കഴിയണം, നാളെയുടെ പ്രവർത്തനങ്ങൾ അതിനുള്ളതാവട്ടെ. ●

## മലപ്പുറം

ഉന്നതവിദ്യാഭ്യാസമേഖലയെ പൂർണ്ണമായും കച്ചവടവൽക്കരിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കേരളത്തിൽ സ്വാശ്രയ-സ്വയംഭരണ കോളജുകൾ ആരംഭിക്കാനുള്ള സർക്കാർ നീക്കത്തിൽ എ.കെ.പി.സി.ടി.എ. മലപ്പുറം ജില്ലാ കമ്മിററി പ്രതിഷേധിച്ചു. എയിഡഡ് കോളജുകളെ സ്വയംഭരണപദവി നൽകി സർക്കാർ ധനസഹായം നിർത്താനുള്ള നീക്കം അപലപനീയമാണ്. സ്വകാര്യ മാനേജ്മെന്റുകൾക്ക് വാണിജ്യാടിസ്ഥാനത്തിൽ കോഴ്സുകൾ ആരംഭിക്കാൻ സൗകര്യം നൽകുന്നതുവഴി ഭാവിയിൽ അനേകം എയിഡഡ് കോളജുകൾ അടച്ചു പൂട്ടൽ ഭീഷണി നേരിടേണ്ടി വരും. ഇത്തരം നീക്കങ്ങളെ ചെറുത്ത് തോൽപ്പിക്കാൻ ജനകീയ പ്രതിരോധം വളർത്തിയെടുക്കേണ്ടതാണ്.

സർവ്വകലാശാലാ ഓർഡിനൻസിനെതിരെ നടത്തുന്ന നിയമസഭാമാർച്ച് വൻ വിജയമാക്കാൻ യോഗം തീരുമാനിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ പി.ജി.തലത്തിൽ നടപ്പിലാക്കുന്ന സെമസ്റ്റർ സമ്പ്രദായത്തെപ്പററി അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കാൻ എല്ലാ കോളജുകളിലും സെമിനാറുകൾ സംഘടിപ്പിക്കാൻ ജില്ലാകമ്മിററി തീരുമാനിച്ചു..

കോഴിക്കോട് സർവ്വകലാശാലാ അക്കാദമിക്ക് കൗൺസിലിലേക്ക് നവംബർ 28ന് നടക്കുന്ന തെരഞ്ഞെടുപ്പിൽ സംഘടനാ പാനൽ സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ ചിട്ടയായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്ന് എല്ലാ ബ്രാഞ്ചുകളോടും യോഗം ആവശ്യപ്പെട്ടു.

5 ഗഡു ക്ഷാമബത്ത അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അദ്ധ്യാപകരും ജീവനക്കാരും നവംബർ 22ന് നടത്തുന്ന സൂചനാപണിമുടക്ക് വൻ വിജയമാക്കണമെന്ന് യോഗം അദ്ധ്യാപകരോട് അഭ്യർത്ഥിച്ചു.

ജില്ലാ പ്രസിഡന്റ് പ്രൊഫ. അലവികുട്ടി അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി ഡോ:കെ.കെ.ബാലചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ.ഹബീബ് റഹ്മാൻ, ഡോ:എൻ.രാജൻ, ഡോ:ബഷീർ അഹമ്മദ്, പ്രൊഫ.പി.കെ.മുഹമ്മദ് തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.

## സെമസ്റ്റർ സമ്പ്രദായം-സെമിനാർ

സെമസ്റ്റർ സമ്പ്രദായത്തെ സംബന്ധിച്ച് മഞ്ചേരി എൻ.എസ്.എസ്.കോളജ് അക്കാഡമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 31ന് സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ ഡോ:കെ.എൻ.ഗണേഷ് (കോഴിക്കോട് സർവ്വകലാശാല) പ്രബന്ധം അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ ഡോ:എൻ.രാജൻ, ഡോ:കെ.കെ.ബാലചന്ദ്രൻ, പ്രിൻസിപ്പൽ പ്രൊഫ.ശിവശങ്കരപിള്ള, ഡോ:കെ.എൻ.ശ്രീകാന്തൻ, ഡോ.ഇ.കെ.സതീഷ് എന്നിവർ പങ്കെടുത്തു. കോളജിലെ മുഴുവൻ അദ്ധ്യാപകരും പി.ജി.വിദ്യാർത്ഥികളും സെമിനാറിൽ പങ്കെടുത്തു. •

## സർവ്വീസ് പംക്തി

**?** 2002 മാർച്ചിൽ കോളേജ് സർവ്വീസിൽ നിന്നും വിരമിയ്ക്കുന്ന എനിക്ക് മൂന്നുവർഷത്തെ ഹൈസ്ക്കൂൾ സർവ്വീസുണ്ട്. സ്ക്കൂളിൽ നിന്നും കോളേജിലേക്ക് പോരുമ്പോൾ, എന്നെ റിസൈൻ ചെയ്യിച്ചാണ് വിട്ടത്. എന്നാൽ ഈ രണ്ടു സർവ്വീസുകൾക്കിടയിൽ break ഇല്ല. സർവ്വീസ് ബുക്കിൽ resigned to join college service എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. എനിയ്ക്ക് പ്രസ്തുത സ്ക്കൂൾ സർവ്വീസുകൂടി പെൻഷന് കണക്കുകൂട്ടുമോ?

*ശ്രീ.ഏബ്രഹാം തോമസ്*
തിരുവല്ല.

**=** എയ്ഡഡ് സ്ക്കൂളിലെ ഉദ്യോഗം രാജിവെച്ചവരുടെ പ്രസ്തുത സേവനകാലം താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി qualifying service ആയി പരിഗണിയ്ക്കും.

(a) എയ്ഡഡ് സ്ക്കൂൾ സേവനകാലത്ത് PF ൽ സർക്കാർ വിഹിതം വല്ലതും നൽകിയിട്ടുള്ള പക്ഷം ആതുക തിരിച്ചടയ്ക്കണം. മാനേജ്മെന്റ് വിഹിതവും സർക്കാർ കണക്കിലേക്കുമാററി വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തണം.

(b) പഴയ സർവ്വീസിനും പുതിയ സർവ്വീസിനും ഇടയ്ക്കുള്ള കാലയളവ് joining time ഉം അതേ തുടർന്നുള്ള പൊതു ഒഴിവു ദിവസങ്ങളും ചേർന്നാലുള്ള കാലയളവിൽ കവിയാൻ പാടില്ല.

(c) പെൻഷനബിൾ സർവ്വീസിൽ പ്രവേശിക്കുന്നതിനാണ് എയ്ഡഡ് സ്ക്കൂൾ സേവനത്തിൽ നിന്നു രാജിവെച്ചതെങ്കിൽ മാത്രമേ പ്രസ്തുത സർവ്വീസ് പെൻഷന് കണക്കാക്കുകയുള്ളു.

**?** മെഡിക്കൽ റിഇംബേഴ്സ്മെന്റിന് അനുവദനീയമാക്കാവുന്ന ആയുർവേദ ഔഷധ ഭസ്മങ്ങൾ ഏതെല്ലാമാണ്?

*ശ്രീമതി സുജാത, കോട്ടയ്ക്കൽ*

**=** 1. ആവിന്നോലാദി ഭസ്മം 2. കാന്തി സിന്ദൂരം
3. കല്യാണക്ഷാരം 4. പനവിരലാദി ഭസ്മം
5. സുവർണ്ണമാക്ഷിക ഭസ്മം 6. ശൃംഗ ഭസ്മം
7. അന്നഭേദി സിന്ദൂരം

**?** ഒഴിവുകാലം 61 ദിവസമുണ്ടായിരുന്നപ്പോൾ 17 ദിവസം invigilation duty ചെയ്തു. എത്രദിവസം earned leave ലഭിക്കും.

*ശ്രീ ഗുരുപ്രസാദ്, കോഴിക്കോട്*

**=** Earned leave ന്റെ ആനുകൂല്യം ലഭിക്കുന്നത് താഴെ കൊടുത്തിരിക്കുന്ന സൂത്ര വാക്യമനുസരിച്ചാണ്. ഒഴിവുകാലത്ത് കൃത്യനിർവ്വഹണത്തിലേർപ്പെട്ട ദിവസങ്ങളുടെ എണ്ണം X (ഗുണം) 30 (ഭാഗം) ഒഴിവുകാലത്തിലെ ആകെ ദിവസങ്ങൾ.

ഈ രീതിയിൽ earned leave കണക്കാക്കുമ്പോൾ ഭിന്നസംഖ്യ വന്നാൽ പകുതിയോ അതിലധികമോ ഉള്ള പക്ഷം അടുത്ത പൂർണ്ണ സംഖ്യയായി ക്രമപ്പെടുത്താം. പകുതിയിൽ കുറവെങ്കിൽ അതുപേക്ഷിച്ച് പൂർണസംഖ്യ മാത്രം കണക്കാക്കുക. 17x30/61=8.36=8 ദിവസം

വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.

**Prof. T. N. മനോഹരൻ**
വടയക്കാട് ഹൗസ്, കുന്നുകുഴി പി. ഒ, തിരുവനന്തപുരം-37

# Indian Software Industry

**Dr.P.S.Mohana Kumar**
*S.S. College, Kalady*

The Indian Software Industry has grown at an incredible rate of 50 percent per annum over the past few years. The revenue from exports was 100 million U.S.dollars in 1990 and it went upto 8500 million U.S.dollars in 2001. Inspite of all this, the Indian software industry accounts only 2 percent of global software industry, measured in growth performance. However, our total share in the market constitutes 18.5 percent in 1999. India is the only country in the world to register a growth rate of 50 percent in the software industry. The bulk of software export activity of Indian enterprise comprised in the early period, body shopping or on-site delivery. But today India's software is developed 'off-shore'. On-site denotes at client's site abroad and off-shore-at vendor's site in India. The software Industry employed 3,40,000 professionals as on March 31, 2000. The industry generates 60,000-70,000 more jobs every year. The software industry accounts 1 percent of India's GDP. The sector contributed nearly 12 percent of the growth of national income. By 2008, our software export would account for 35 percent of India's exports (NASSCOM-Mc Kinsey report), Brain drain is a great problem associated with software development. Nearly 60 percent of the graduates in Computer Science from IITs migrated aborad. In future firms based in Singapore, Israel, Ireland, Philippines, Russia and Eastern Europe will be strong competitors for India.

**Satyam Computers**

The stock of Satyam Computer Services began to be traded in the New York Stock Exchange. A great achievement for Satyam Software. North America accounted for 76.5 percent of Satyam's overseas revenue, Europe 7.3 percent; Japan 3.6 percent and the rest of the world 12.6 percent. The main earnings of Satyam are from client server, open systems, maintenance and reengineering, internet, e-commerce ERP etc. In Satyam's total income, onsite and offsite accounted for 42.4 percent, whole off-shore income accounted for 57.6 percent.

**Future Challenges of Indian Textile Industry**

As per WTO agreement Textile industry will be thrown to competition from January 2005, due to the phasing out of the Multi-Fibre Agreement (MFA), as well as the creation of regional trade blocks like NAFTA (North American Free Trade Area). The strong threat to India. We are also likely to face tough competition from Indonesia, Pakistan, Mexico & Carribean countries. In order to perform well, we need to improve the technology, productivity, efficiency and quality of the output while minimising bureaucratic bottlenecks and government regulations. The government of India recently abolished reservation to small-scale industry for the garment sector and opened it up for foreign direct investment. The government is going to create special textile and garment industry park to help textile and garment industry.

**India's most respected companies.**

According to Business World - IMRB surveys the three most respected companies on the basis of 18 parameters like employee-management relations, corporate governance are the following

1) Infosys 2) Hindustan Lever
3) Reliance Industries. Other top companies include Wipro, ICICI, ITC & Larsen & Tourbo. •

*With best compliments of:*

# BI PUBLICATIONS (P) LTD.

28/2758, SHARADA NIVAS,
KUTHIRAVATTOM ROAD, KUNNUMPURAM
THIRUVANANTHAPURAM- 695 001

Phone: 0471-472013
Fax: 0471-472073
e-mail:biptvpm@satyam.net.in

Head Office: 54, JANPATH, NEW DELHI 110001
Branches: AHAMADABAD, BANGALORE, CHENNAI, KOLKATHA, MUMBAI AND NEW DELHI

ഡോ. എം. ആർ.സുദർശനകുമാർ
രസതന്ത്ര വിഭാഗം, എം.ജി.കോളജ്, തിരുവനന്തപുരം

# മരണം വിതയ്ക്കുന്ന മാരകരോഗം[1]

ദക്ഷിണാഫ്രിക്കയിൽ കഴിഞ്ഞ വർഷം നടന്ന മരണങ്ങളിൽ നാലിലൊന്നും എയ്ഡ്സ് മൂലമായിരുന്നു. ദക്ഷിണാഫ്രിക്കയിൽ ഏററവും കൂടുതൽ പേർ മരിക്കുന്നത് എയ്ഡ്സ് മൂലമാണ്. 2010 ആകുമ്പോൾ 50 ലക്ഷം മുതൽ 70 ലക്ഷം വരെ മരണങ്ങൾ എയ്ഡ്സ് മൂലമാകുമെന്നു കണക്കാക്കപ്പെടുന്നു. ഇത് മററുകാരണങ്ങൾ കൊണ്ടു മരിക്കുന്നതിന്റെ ഇരട്ടിയോളം വരും.

## ചുരുങ്ങാത്ത മസ്തിഷ്കം[2]

യൗവന ദശ കഴിയുമ്പോൾ നമ്മുടെ മസ്തിഷ്കം ചുരുങ്ങുവാൻ തുടങ്ങാത്തതായി ശാസ്ത്രജ്ഞർക്കറിയാമായിരുന്നു. മാനസിക സമ്മർദ്ദമാണിതിനിടയാകുന്നതെന്ന് വാഷിംഗ്ടണ്ണിലെ Brian Knutson-നും സഹപ്രവർത്തകരും കണ്ടെത്തി. അദ്ദേഹത്തിന്റെ ഉപദേശമിതാണ് "Don't worry, be happy".

## കൂർക്കം വലിക്കാതിരിക്കാനും കുത്തിവെപ്പ്[3]

ടെട്രാഡെക്കൈൽ സൾഫേററ് (tetradckyl sulphate) എന്ന മരുന്ന് തൊണ്ടയുടെ പിൻഭാഗത്ത് കുത്തിവെച്ചാൽ കൂർക്കംവലി ഇല്ലാതാക്കാമെന്ന് അമേരിക്കൻ ശാസ്ത്രജ്ഞർ കണ്ടെത്തി. ഇനി കൂർക്കംവലിയുടെ ശല്ല്യമില്ലാതെ വീട്ടുകാർക്കു സ്വൈരമായി ഉറങ്ങാം.

## ജപ്പാന്റെ ബഹിരാകാശ ഏജൻസികൾ ഒന്നാകുന്നു.[4]

മൂന്നു ബഹിരാകാശ ഏജൻസികളാണ് ജപ്പാനിലുള്ളത്. നാഷണൽ സ്പേസ് ഡെവലപ്മെന്റ് ഏജൻസി (NASDA), ഇൻസ്റ്റിററ്യൂട്ട് ഓഫ് സ്പേസ് ആന്റ് ആസ്ട്രനോട്ടിക്കൽ സയൻസ് (ISAS), നാഷണൽ ഏറോസ്പേസ് ലാബറട്ടറി (NAL) എന്നിവയാണിവ. വാണിജ്യപരമായ ബഹിരാകാശ പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസിയാണ് NASDA. നിരവധി പരാജയങ്ങൾ കാരണം '$H_2$' റോക്കററിന്റെ വിക്ഷേപണം ഉപേക്ഷിച്ചതും '$H_2A$' റോക്കററിന്റെ വിക്ഷേപണം മാററിവെച്ചതും ഈ ഏജൻസിയുടെ പ്രധാന പരാജയങ്ങളാണ്. ISASന് 2000 ഫെബ്രുവരിയിൽ ഒരു ഭൗമനിരീക്ഷണ ഉപഗ്രഹത്തെ ശരിയായ ഭ്രമണപഥത്തിലെത്തിക്കുവാൻ കഴിഞ്ഞില്ല. ബഹിരാകാശ പേടകത്തിന്റെ ഭാഗങ്ങളെ കുറിച്ചു പഠിക്കുന്നത് NAL ലാണ്.

ഈ മൂന്ന് ഏജൻസികളും പ്രത്യേകം പ്രത്യേകം പ്രവർത്തിക്കുന്നതു മൂലമാണ് പ്രവർത്തനക്ഷമത കുറയുന്നതെന്ന് വിമർശകർ ചൂണ്ടികാട്ടുന്നു. 2003ൽ ഈ മൂന്നു ഏജൻസികളും ലയിച്ചൊന്നാകുകയാണ്. പുതിയ ഏജൻസിയുടെ പേര് തീരുമാനിക്കപ്പെട്ടിട്ടില്ല.

## ഫ്രെഡ് ഹോയ്ൽ (1915–2001)[5]

അതുല്ല്യ ശാസ്ത്രപ്രതിഭയായിരുന്ന Fred Hoyle അന്തരിച്ചു. 1915 ജൂലൈ 24-ാം തീയതി യോർക്ക്ഷയറിലാണ് ഹോയ്ൽ ജനിച്ചത്. കേംബ്രിഡ്ജിൽ ഗണിതം പഠിച്ച അദ്ദേഹം പോൾ ഡിറാക്കിന്റെ ഗവേഷണ വിദ്യാർത്ഥിയായിരുന്നു. ക്വാണ്ടം ഇലക്ട്രോഡൈനാമിക്സിലായിരുന്നു ഗവേഷണ പ്രബന്ധം. പിന്നീടാണ് ആസ്ട്രോഫിസിക്സിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞത്. മഹാവിസ്ഫോടന സിദ്ധാന്തത്തിനു ബദലായി അദ്ദേഹം സ്ററെഡിസ്റേററ് സിദ്ധാന്തം അവതരിപ്പിച്ചു. ജീവിതാവസാനംവരെ മഹാ വിസ്ഫോടന സിദ്ധാന്തത്തിന്റെ കടുത്ത വിമർശകനായിരുന്നു. അദ്ദേഹം ജയന്ത് നാർലിക്കറുമായി ചേർന്ന് ക്വാസി സ്ററെഡിസ്റേററ് മാതൃകയും വികസിപ്പിച്ചിട്ടുണ്ട്. ശാസ്ത്രപ്രചാരകനും ഗ്രന്ഥകർത്താവും കൂടിയായ അദ്ദേഹം ഈ വർഷം ആഗസ്റ്റ് 20-ാം തീയതി അന്തരിച്ചു.

## തിരിഞ്ഞു നോക്കുമ്പോൾ[6]

(1990 മുതൽ 1999 വരെയുള്ള പ്രധാന ശാസ്ത്രസംഭവങ്ങൾ താഴെ വിവരിക്കുന്നു)

1990 : 'Richard Smalley' കാർബൺന്റെ പുതിയ രൂപാന്തരമായ 'buckminster fullerene' കണ്ടുപിടിച്ചു.

: 'Voyager I' സൗരയൂഥത്തിന്റെ അതിർത്തി കടന്ന് ഗ്രഹങ്ങളുടെ കുടുംബചിത്രമെടുത്തു.

: ഹ്യൂമൺജിനോം ഗ്രോണക്ടിന് തുടക്കംകുറിച്ചു.

1991 : Sumio Lijima ഇലക്ട്രോണിക്സിൽ വിപ്ലവം സൃഷ്ടിച്ച കാർബൺ നാനോ ട്യൂബുകൾ കണ്ടുപിടിച്ചു.

1992 : കോസ്മിക് ബാക്ഗ്രൗണ്ട് എക്സ്പ്ലോറർ സാററലൈററ്' മഹാവിസ്ഫോടന സിദ്ധാന്തത്തിന് ശക്തമായ തെളിവ് നൽകി.

1993 : ഹബിൾ സ്പേസ് ടെലസ്ക്കോപ്പിന്റെ കേട് തീർത്തു.

: Andrew wiles 'ഫെർമാററിന്റെ അവസാന സിദ്ധാന്തം'തെളിയിച്ചു.

1994 : Yoshio Mirai യും സഹപ്രവർത്തകരും ആദ്യ സ്താനാർബുദ ജീനായ BRCA1 നെ തിരിച്ചറിഞ്ഞു.

1995 : ഫെർമിലാബിലെ ശാസ്ത്രജ്ഞർ 'top quarts' ഉണ്ടെന്നതിനു തെളിവു കണ്ടെത്തി.

: 'ബോസ് ഐൻസ്റ്റീൻ കണ്ടൻസേററ്' എന്ന ദ്രവ്യത്തിന്റെ മററൊരവസ്ഥ പരീക്ഷണശാലയിൽ സൃഷ്ടിച്ചു.

: സൗരയൂഥത്തിനു വെളിയിൽ ആദ്യമായി ഒരു ഗ്രഹത്തെ കണ്ടെത്തി.

: ഗലീലിയോ ഓർബിററർ വ്യാഴത്തിൽ ഇറങ്ങി.

1996 : ക്ളോണിങ്ങിലൂടെ 'ഡോളി'യുടെ പിറവി

: ഭൂമിയുടെ അകകാമ്പ് കൂടുതൽ വേഗതയിൽ കറങ്ങുന്നതായി കണ്ടെത്തി.

1997 : ചൊവ്വയിലിറങ്ങിയ 'പാത്ഫൈൻഡർ' ഗ്രഹത്തിന്റെ ചിത്രങ്ങൾ ഭൂമിയിലേക്കയച്ചു.

: 'Hale-Bopp' എന്ന ആകാശവിരുന്നിന് ലോകം സാക്ഷിയായി.

: IBMന്റെ deep blue എന്ന കമ്പ്യൂട്ടറിനോട് ഗാരി കാസ്പറോവ് ഒരു ചെസ് മത്സരത്തിൽ പരാജയപ്പെട്ടു.

1998 : ചന്ദ്രനിൽ ജലമുണ്ടെന്നതിനു തെളിവ് ലഭിച്ചു.

: ന്യൂട്രിനോകൾക്ക് ദ്രവ്യമാനം (mass) ഉണ്ടെന്നതിനു തെളിവ് ലഭിച്ചു.


: 'വയാഗ്ര'യുടെ ഉദയം

1999 : കേവലപൂജ്യത്തിനു തൊട്ടുമുകളിലുള്ള ഊഷ്മാവിൽ സോഡിയം ആററങ്ങളിലൂടെ പ്രകാശം കടത്തിവിട്ടപ്പോൾ, പ്രകാശവേഗത മണിക്കൂറിൽ മുപ്പത്തിയെട്ടു മൈലായി കുറഞ്ഞു.


: ആറ്റോമിക സംഖ്യ 114, 116, 118 ഉള്ള മൂലകങ്ങൾ പരീക്ഷണശാലയിൽ നിർമ്മിച്ചു.


References:

1. The Lancet, 20 October 2001, p.1345
2. New Scientist, 8 September 2001, p.23
3. New Scientist, 22 September 2001, p.16
4. New Scientist, 1 September 2001, p.11
5. Physics world, October 2001, p.11
6. Discover, January 2000

# ഡോക്ടറേററ് ലഭിച്ചു



വളാഞ്ചേരി എം.ഇ.എസ് കോളജ് സസ്യശാസ്ത്ര വിഭാഗം തലവനായ ശ്രീ. അബ്ദുൽ ഹമീദിന് കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ബോട്ടണിയിൽ ഡോക്ടറേററ് ലഭിച്ചു. ദക്ഷിണേന്ത്യൻ ഉൾകാടുകളിൽ കാണപ്പെടുന്ന അപൂർവ്വ ഇനം സസ്യങ്ങളായ FILMY FERNS നെക്കുറിച്ച് സർവ്വകലാല സസ്യ ശാസ്ത്രവിഭാഗം പ്രൊഫ. ഡോ: മധുസൂദനന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.

# Computation of Income Tax On Salary

P.Haridasan
*S.N College,Kollam*

**Previous Year 2001-2002.**
**Assessment Year 2002-2003**

## Important points to be remebered.

1. House Rent Allowance.

It shall be allowed as a deduction if the assessee stays in a rented house. The amount of deduction is-

(i) Actual HRA received or
(ii) Excess of rent paid over 10% of salary or
(iii) 40% of salary whichever is less.

If he does not incur any expenditure towards rent, he is not elegible for this deduction.

2. Standard Deduction Amount of deduction will be as follows:

(a) Salary upto Rs.150000. Deduct 33 $^1/_3$% of salary or Rs.30000 whichever is less.

| | |
|---|---|
| (b) Rs.150001 to Rs.300000 | Rs.25000 |
| (c) Rs.300001 to Rs.500000 | Rs.20000 |
| (d) Above Rs.500000 | NIL |

3. Tax on Comployment-Deduct actual amount of tax paid by the assessee.

4. Expenditure incurred in respect of maintenance including medical treatment of handicapped dependants. (Sec 80 DD)

A fixed amount of Rs.40000 shall be allowed as deduction from total income irrespective of the actual amount of expenditure incurred.

5. Deduction in respect of interest on bank deposits, certain securities such on NSC etc. (Sec 80 L)

Amount of deduction from total income. A maximum of Rs.9000 or actual interest received or accrued whichever is less and an additional Rs.3000 exclusively for central or State Government Securities.

6. Deduction in respect of totally blind, or mentally retarded or physically handicapped persons (Sec 80 U)

An amount of Rs.40000 shall be allowed as deduction from total income subject to the production of a certificate from a registered medical practitioner.

7. Interest on House Building Loan on self occupied house property (Sec 24 (2))

If the loan was obtained on or after 1-4-99 and the acquisition or construction of the property is made before 1-4-2003 the maximum deduction for interest shall be Rs. 150000. In all other cases the maximum deduction shall be Rs.30000.

8. Repayment of principal amount on House Building Loan

Considered only for rebate. Maximum amount qualifying for rebate is Rs.20000.

9. (a) Rebate on Savings in PF, LIC, NSC. NSS, GIS, PLI, PPF, Accrued interest on NSC, Repayment of HBL, Mutual Fund etc. (Sec 88)

For ordinary savings the rate of rebate will be 20% for a maximum qualifying amount of Rs.60000. However an additional rebate at the rate of 20% on an Additional savings of 20000 will also be available if such amount has been invested in shares or debentures which have been issued for raising fund for development

of infrastructure facilities or the invsetment has been made in units of any Mutual Fund notified under Section 10 (23D) of the Income Tax Act 1961.

(b) In case where the "gross" salary income (before allowing standard deduction and tax on employment) up to Rs.100,000 and net salary income being at least 90% of or gross total income, the rebate shall be at the rate of 30% of the qualifying amount but restricted to Rs. 16000.

c. Rebate for Women assessee. (sec 88 C)

Amount of rebate is 100% of income tax (before allowing rebate under sec 88) payable on her total income or Rs. 5000 whichever is less.

10. Rate of Tax and Surcharge

| | |
|---|---|
| (a) For the first Rs. 50000 | NIL |
| (b) Rs 50001 to Rs. 60000 | 10% |
| (c) Rs.60001 to Rs. 150000 | 20% |
| (d) Rs. 150001 and above | 30% |

Surcharge: 2% on net tax payable if the taxable income exceeds Rs.60000.

**Illustration 1**

**Computation of income tax of an assessee whose total income does not exceed Rs.1,00,000**

| | |
|---|---|
| Gross Salary | Rs. 1,00,000 |
| Provident fund | Rs. 4800 |
| LIC premium paid | Rs. 4300 |
| Group Insurance | Rs. 600 |
| Tax on employment | Rs. 500 |

**Computation of tax**

| | | |
|---|---|---|
| 1. Gross Salary | | Rs. 1,00,000 |
| 2. Less (i) Standard deduction | Rs.30000 | |
| (ii) Tax on employment | Rs. 500 | 30500 |
| 3. Taxable income | | 69500 |
| 4. Tax | | 2900 |
| 5. Less Rebate on (i) PF | Rs. 4800 | |
| (ii) LIC | Rs.4300 | |
| (iii) GIS | Rs. 600 | |
| Rebate @ of 20% on | Rs. 9700 | 1940 |
| 6. Net tax payable | | 960 |
| 7. Add Surcharge @ 2% | | 19 |
| 8. Tax payable | | 979 |

**Illustration 2**

**Computation of tax of an individual whose annual income does not exeed Rs. 150000**

| | Rs |
|---|---|
| 1. Gross Salary | 1,50,000 |
| 2. Provident Fund | 18,000 |
| 3. Group Insurance Scheme | 600 |
| 4. Tax o employment paid | 1000 |
| 5. Interest accrued on NSC VIII issue | 9,500 |
| 6 LIC Premium paid | 12000 |

**Computation of Tax**

| | | Rs. |
|---|---|---|
| 1. Gross Salary | | 1,50,000 |
| 2. Less (i) Standard deduction | 30000 | |
| (ii) Tax on employment | 1000 | 31000 |
| 3. Income from salary | | 119000 |
| 4. Add Interest on NSC VIII issue | | 9500 |
| 5. Total income | | 128500 |
| 6. Less Deduciton Under Sec 80L | | 9000 |
| 7. Taxable income | | 1,19,500 |
| 8. Tax | | 12900 |
| 9. Less Rebate on (i) PF | 18000 | |
| -(ii) GIS | 600 | |
| -(iii) LIC | 12000 | |
| -(iv) Interest on NSC | 9000 | |
| Rebate @ 20% on | 39600 | 7920 |
| 10. Net tax | | 4980 |
| 11. Add Surcharge @ 2% | | 100 |
| 12 Tax payable | | 5080 |

**Illustation 3**

**Assessment of an individual who stays in a rented house and incurring expenditure towards rent.**

| | |
|---|---|
| 1. Basic pay-p.m | 15780 |
| 2. Dearness Allowance-" | 5050 |
| 3. House Rent Allowance-" | 1000 |
| 4. City Compensatory Allowance-" | 120 |
| 5. Centribution towards PF-" | 3000 |
| 6. Group Insurance-" | 50 |
| 7. LIC Premium-" | 1500 |
| 8. NSC purchase in December 2001 | "-5400 |
| 9. Investment in Infrastructure Development Debentures | 20000 |
| 10. Rent paid-p.m | 3250 |

11.. Tax on employment paid 1500

Computation of Tax

| | | | Rs. |
|---|---|---|---|
| Gross Salary | | | 2,63,400 |
| 2. Less House Rent Allowance | | | |
| Least of the following | | | |
| -(i) Actual HRA | 12000 | | |
| -(ii) Excess of rent paid over 10% of salary | | | |
| Rent paid Rs.39000 | | | |
| less 10% of salary Rs. 24996-14004 | | | |
| (iii) 40% of salary | | 99984 | 12,000 |
| 3. Balance— | | | 251,400 |
| 4. Less (i) Standard deduction 25000 | | | |
| (ii) Tax on employment | | 1500 | 26500 |
| 5. Taxable income | | | 2,24,900 |
| 6. Tax— | | | 41,470 |
| 7. Less Rebate on | | | |
| (1) PF | 36000 | | |
| (2) GIS | 600 | | |
| (3) LIC Premia | 18000 | | |
| (4) NSC | 5400 | | |
| (5) Infrastructure Debentures | 20000 | | |
| Rebate @ 20% on Rs.80000 | | | 16000 |
| 8. Net Tax | | | 25470 |
| 9. Add surcharge 2% | | | 509 |
| 10. Tax payable | | | 25,979 |

## Illustration 4

**Assessment of a Woman**

1. Gross Salary 265528
2. Tax on employment 2500
3. Provident Fund 36000
4. Group Insurance 600
5. LIC premium paid 9000
6. Interest on House Building Loan paid (The loan was obtained before 1-4-1999) 31,000
7. Repayment of principal amount on HBL-20500
8. Expenditure incurred for the treatment and maintenance of handicapped dependent-41000

**Computation of Tax**

| | | | Rs. |
|---|---|---|---|
| 1. Gross Salary | | | 265528 |
| 2. Less (i) Standard deduction | Rs.25000 | | |
| -(ii) Tax on employment | Rs.2500 | | 27500 |
| 3. Balance | | | 2,38,028 |
| 4. Less expenditure incurred for the treatment and maintenance of handicapped dependent (Sec 80DD) Limited to Rs 40000 | | | 40000 |
| 5. Income from salary | | | 198028 |
| 6. Less Interest on HBL limited to 30000 as the loan was obtained before 1-4-99 | | | 30000 |
| 7. Taxable income | | | 168028 |
| 8. Taxable income rounded to | | | 168030 |
| 9. Tax | | | 24409 |
| 10. Less (i) Rebate u/s 88C Rs.5000 | | | |
| (ii) Rebate u/s 88 on | | | |
| (a) PF | 36000 | | |
| (b) GIS | 600 | | |
| (c) LIC | 9000 | | |
| (d) HBL repayment | 20000 | | |
| -limited to | 65600 | | |
| But limited to Rs. 60000 and rebate @ 20%. | | 12000 | 17000 |
| 11. Net Tax | | | 7409 |
| 12. Add Surcharge @ 2% | | | 148 |
| 13. Tax payable | | | 7557 |

## Illustration 5

**A Comprehensive illustration**

| | Rs |
|---|---|
| 1. Gross Salary | 304242 |
| 2. Tax on employment | 2500 |
| 3. Provident Fund | 30000 |
| 4. Group Insurance Scheme | 600 |
| 5. PLI Premium | 4400 |
| 6. Mutual Fund | 5000 |
| 7. Repayment of House Building Loan (principal) | 30000 |
| 8. Interest on HBL (Loan obtained after 1-4-99 and construction has already been | 39742 |

completed

9. Investment in Infrastructure Bond-20000

10. Contribution to pension Fund of LIC (Jeevan Suraksha) 1,0,000

11. MEDICLAIM Insurance Premium paid 10000

**Computation of Tax**

| | | Rs. |
|---|---|---|
| 1. Gross salary | | 304242 |
| 2. Less (i) standard deduction | Rs.20000 | |
| (ii) Tax on employment | 2500 | 22500 |
| 3. Balance | | 281742 |
| 4. Less deduciton under Chapter VI.A | | |
| (i) Contribution Jeevan Suraksha (80 CCC) | Rs.10000 | |
| (ii) MEDICLAIM Premium (80 D) | Rs.10000 | 20,000 |
| 5. Income from salary | | 261742 |
| 6. Less Interest on HBL | | 39742 |
| 7. Taxable income | | 222000 |
| 8. Tax | | 40600 |
| 9. Less Rebate on: | | |
| (i) PF | 30000 | |
| (ii) GIS | 600 | |
| (iii) PLI | 4400 | |
| (vi) Mutual Fund | 5000 | |
| (v) HBL-principal (Maximun limit) | 20000 | |
| (vi) Infrasturcture Bond | 20000 | |
| Rebate @ 20% on | 80000 | 16000 |
| 10. Net Tax | | 24600 |
| 11. Add Surcharge @ 2% | | 492 |
| 12. Tax payable | | 25092 |

Note (i) Deduction in respect of contribution to pension fund of LIC or of other insurance company will be allowed from salary to the maximum extent of Rs.10000 u/s 80 CCC. But when its benefit is received by the assessee or his nominee it will be taxable.

(ii) A maximum amount of Rs.10000 will be allowed as deduction from salary for any medical insurance premium under an approved scheme of GIC or any other insurance company u/s 80 D. ●

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

**ചീഫ് എഡിറററുടെ വിലാസം**

**കെ. ജഗന്നാഥൻ നായർ,** ററി. സി. 24/ 147. TSGRA 15, കൊച്ചുമഠം, തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം -695 014, (ഫോൺ: 0471- 324372)

**മാനേജിംഗ് എഡിറററുടെ വിലാസം**

**എസ്. ജയരാജ് കുമാർ** ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ., മെഡിക്കൽ കോളജ് പി.ഒ., തിരുവനന്തപുരം-695 011 (ഫോൺ: 0471-440004)

**ഓഫീസ്**

എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം- 695 035, ഫോൺ: 0471- 463494

Fax No: 0471-468984

e-mail: akpcta@sify.com

# MINUTES OF THE MEETING CONVENED BY THE PRINCIPAL SECRETARY, HIGHER EDUCATION WITH THE REPRESENTATIVES OF PRIVATE COLLEGE TEACHERS ORGANISATIONS ON 23-10-2001 IN THE DURBAR HALL, SECRETARIAT

The meeting started at 2 P.M. Representatives of the various organisations of the Private College teachers explained their demands in detail. The demands putforth by the different organisations were more or less similar.

1. The implementation of decisions in the minutes of the meeting held on 22-8-2001.

Implementation of the decision taken in the previous meetings was demanded by all the representatives. As the present meeting was a follow up action on the decision of the earlier meeting, they explained their demand.

2. Deduction of Tax from the arrears of UGC.

To deduct tax from the arrears remitted to Provident Fund for the period from 1-1-1996 to 31-12-1999 and payment of full arrears in cash for the remaining period. (This issue is already under consideration in consultation with Finance Department. On getting concurence of Finance Department orders will be issued accordingly.

Action: Higher Education (C)/(D) Department.

3. Work load

The organisations demanded for a work load of 14 hours/week against the prevailing 15 hours in the University Statue and 16 hours in the Government Order implementing UGC V Pay Revision.

(Reduction in workload is not acceptable. An order clarifying the alleged disparity in respect of work load will be issued in accordance with rules at the earliest.

Action: Higher Education (C) Department)

4. Refresher Course

The time limit for attending Refresher Courses may be extended upto 31-3-2003.

(Orders will be issued in this regard without delay.

Action: Higher Education (C) Department).

5. Advance increment

Demanded for two advance increments to ph.D holders in the revised higher scale. They also requested for the same benefit to be extended also to those who acqired ph.D before 1-1-1996 but not received the advance increment by complying the latest UGC directions in the matters.

(The matter will be examined in detail,

Action: Higher Education (C) Department.

6. Salary of F.I.P Substitues

To disburse the salary of FIP substitute in time. (Directed the UGC Special officer to take action in this matter and to take up with Government if necessary.

Action: Director of Collegiate Education/Special Officer,UGC)

7. Pension benefits of those retired between

1-1-1996 and 1-3—1997)

The pension benefits of those teachers who retired in between 1-1-1996 and 1-3-1997 may be revised taking into account the UGC pay revision with effect from 1-1-1996 and the Death-cum-retirement Gratuity limit be enhanced.

(This need examination. Hence will be examined in consultation with Finance Department/UGC.

Action: Higher Education (C) Department)

8. Enchancement of retirement age

To enhance the retirement age as envisaged in the UGC Scheme.

(The demand is not agreeable)

9. Counting of Past service including broken spells of Service for placements. Temporary service prior to 13-3-1990 and subsequently regularised permanent vacancies was also considered for UGC benefits. But G.O. (p) No.171/99/H.Edn. dated 21-12-1999 do not permit this.

(As the 5th revision of UGC has not recommended the counting of broken spells of service, this will be examined in consultation with UGC and orders will be issued Action- Higher Education (D) Department.

10. Transfer of excess teachers under Corporated Managements

The salary of teachers transferred along with their posts to other Colleges under the same Corporate Management where there is sufficient work load but new posts have not been sanctioned.

(DCE will examine such cases and direction will be issued to Deputy Directors of Collegiate Education. If necessary the matter will be reported to Government.

Action: Director of Collegiate Education)

The Deputy Directors pointed out difficulties they are experiencing due to following issues.

(i) Teachers without NET qualification

(ii) Broken spells of service

(iii) Teachers whose fixation has been made in the State Scale.

(i) All cases except those involving anomaly will be settled before 30th November 2001.

(ii) A note on issues in which difficulties are experiencing/clarification needed will be submitted to DCE by Dy.DCEs immediately.

(iii) Regarding broken spells of service the rules now in force will be observed. Further clarification will be issued in consultation with UGC.

(Action: Dy.DCEs/DCE)

An internal meeting will be convened later to evaluate the follow up action of the decision. The meeting came to an end at 4 P.M.

MEETING OF PRINCIPAL SECRETARY (HIGHER EDUCATION DEPARTMENT WITH THE REPRESENTATIVES OF THE PRIVATE COLLEGE TEACHERS ASSOCIATION.

**LIST OF PARTICIPANTS FOR THE MEETING ON 23-10-2001**

1. Shri. A Prathapachandran Nair, Selection Grade Lecturer in Phusics, M.G.College, Thiruvananthapuram. (General Secretary. All Kerala Private College Teachers Association)
2. Shri. Thomas Joseph, President, All Kerala Private College Teachers Association, Selection Grade Lecturer, K.E.College, Mannanam.
3. Shri. P.K. Radhakrishna panicker, All Kerala Private College Teachers Association, D.B.Pampa College, Parumala.
4. Shri.K.Vijayadharan, Secretary, All Kerala Private College Teachers Association, Lecturer (Senior Grade), S.N. College, Kollam.
5. Shri. P.K.Ravindran, Deputy Director, Kollam.

6. Shri.V.V.Chandrasekhara Pillai, A.O. Office of the Deputy Director, Kollam.
7. Dr.K.T. Mary, Deputy Director, Kottayam.
8. Smt. M.A. Suseela, Deputy Director, Kozhikode.
9. Shri. V.R.Ramachandran, Deputy Director, Ernakulam.
10. Shri. K.R.Nagendran, Deputy Director, Office of the Director of Collegiate Education, Thirvananthapuram.
11. Dr. V.M. Manoharan, Deputy Director of Collegiate Education, Trissur-680020.
12. Dr.K.C.Chandramohanan Pillai, UGC Special Officer, Office of the Director of Collegiate Education, Thiruvananthapuram.
13. Shri. Jacob Thomas, Additional Director of Collegiate Education.
14. Shri.C.K.Viswanathan, Director of Collegiate Education.
15. Shri. Bennett A. Gibbons, Finance Officer, Office of the Director of Collegiate Education. •

## GOVERNMENT OF KERALA

No:32848/c3/2001/H.Edn.
Higher Education (c) Department
Thiruvananthapuram
Dated:6-12-2001.

From

The Principal Secretary to Government.

To

The Director of Collegiate Education,
Thiruvananthapuram.

Sir,

Sub: Adjustment of Income Tax from UGC arrears - Reg.
Ref: Lr.No.104691/SS1/2001/Fin.dt.22-11-2001.

I amd directed ot invite your attention to the letter cited and to reuuest you to issue necessary direction to the Deputy Director of Collegiate Educations to clear the arrear salary bills of college teachers on account of UGC pay revision arrears after adjusting the amount required for payment of tax against valid Income Tax Statement produced by the teachers.

Yours faithfully,

**R.Rajeev**
Under Secretary
For Principal Secretary.

R. No. 36025/81
No. 169

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/20
DECEMBER 20

# ഓഫ് ക്യാമ്പസ് സെൻററുകൾ: പ്രതികരണങ്ങൾ

## UGC Chairman Calls for Explantion of Pondicherry V-C

डा. हरि गौतम अध्यक्ष
Dr. Hari Gautam
CHAIRMAN

UNIVERSITY GRANTS COMMISSION
BAHADUR SHAH ZAFAR MARG
NEW DELHI-110 002

D O No F 1-5/2001(CM)

September 10, 2001

Dr V T Patil
Vice Chancellor
Pondicherry University
Pondicherry - 605 014

Dear Dr Patil

I have received a representation from Dr. S Gunasekaran, President Pondicherry University Teachers' Association dated September 1, 2001 addressed to the Chairman. It alleges that a fraudulent MOU has been signed by Pondicherry University VC with private organisation for granting degree of Pondicherry University ... Academic and the Executive Councils after the misdeed had been repeatedly exposed. He has requested for an urgent action to be taken in this respect. This is also in reference to the letter of Chairman no F 1-52/99(CPP II) of August 4, directing the University not to franchise degree programmes with private institutions.

This is very important matter. It should not be taken lightly. May I urge you to kindly examine the issue and submit your comments immediately before an appropriate action is taken in this respect.

With Regards

Yours Sincerely

HARI GAUTAM

## Chancellor moved against MG varsity decision

By Our Special Correspondent

... varsity Act by ... wers in the abse... functional syndic... ht to have been u... traordinary circ...

... campus centres ... money spinners ... sity and the priv... Apart from the h...

## 'Don't get carried awa...

Kottayam, Nov 28: The All Kerala Private College Teachers Association (AKPCTA) and the All India Federation of University and College Teachers Organisation (AIFUCTO) have warned the public against getting carried away and cheated by the announcements of the Mahatma Gandhi University on the proposed off-campus centres and termed the statements of ...e university higher-ups in ...s regard as contrary to fa... They also demanded that ...enture be kept in abeyance ...d a proper inquiry cond... into the issue.

...TA State president ... Joseph and general ... A Prathapachandran ... mediapersons here that the centres are collabo...tive ventures of the univers... and private institutions. ... UGC has made it clear that ... university should be permit... to go in for off-campus priv... educational franchise lead... to the award of its degrees.

Presenting copies of the ci...ular from the UGC dated A...ust 4 and October 18, 2001, ... office-bearers said the comm...nication is crystal clear t... there is no provision in the u...versity Act for leaving it to p...vate institutions for cond...ing courses on behalf of ... university.

When asked why the uni...sity Vice-Chancellor himsel... claiming that the UGC has g...nted permission in princ...

... off-cam... ...l franch... ...rd of its d... ...ng copies ... the UGC c... October 18 ... ...ers said th... ...s crystal c... ...provision i...

## ഓഫ് കാമ്പസ് സെന്ററുകൾ: അ... നടത്തണം – എ.കെ.പി.സി...

## ...gainst MGU off-campus ...tres to be intensified

...eporter

The All- Kerala ...eachers' Associ... and All- India ... College Teachers ...(IFCTO) have de...ensify their struggle ...decision of the Mahat... University (MGU) to ... with the 'off-campus' ... The organisations ... the public "not to be ...d by the false claims of the ...rsity authorities."

...ollowing their submission of a ...emorandum on the issue to the ...hancellor the other day, the or...ganisations have decided to orga...nise mass protests against the 'off-campus' programmes at the centres where they have been ...ranted.

...thorities and the managements of the new centres, points to a prima facie circumstantial evidence on massive corruption involved in the dealings. The very fact that fee structure of the new centres "will be discussed and finalised in person by the visiting team subject to the approval of the Syndicate' smacks of corruption, according to him.

According to Mr. Thomas, though the centres were being commissioned under the School of Distance Education, the curriculum structure was entirely different. The fee structure being publicised is only for the stipulated number of hours of study and the individual centres have been allowed to increase their fees in accordan... addi...

...tion by the UGC on account of their attempts to open education centres on the lines of the 'off-campus' centres, they said. This programme could not only affect the credibility of the university, but also devastate the academic future of the students who enroll as it was not sure whether other universities would approve these courses, they said.

According to them, the present move was part of a strategy to dismantle the entire higher education system in the State, the same way school education was being destroyed. The Government decision to start English medium schools with an eye on the marketability of English language has resulted in the closure of more than 2,000 schools since they have been deemed unviable, he pointed out.

...-sighted moves such as ... open off-campus centres ... marketable courses ... a short life span could ... closure of the tradi...

## ...അഴിമതിയെന്ന് എ.കെ.പി.സി.ടി.എ.

## ഓഫ് ക്യാമ്പസ ... ...റുകളുടെ പേരിൽ അഴിമതി: സംഘടനകൾ

മലയാള മനോരമ

## MGU statements on off-campus centre...

...off-campus centres. The... Joseph said it is up to the ...ity to produce evidence ...he university regist... sent a controvers... letter to the prosp... campus centres giv... the terms and con... contact classes, ... convenience ... centre faculty ... registration ... international ... structure ... fee to dis... ...tions as ... communi... feared ... land in

private centres for off-campus centres. Action had been initiated against the Pondicherry University recently for disobeying the directives of the UGC. The Vice-Chancellor had been consistently flouting the provisions of the varsity Act by exercising powers in the absence of a fully functional syndicate which ought to have been used only on extraordinary circumstances.

The off-campus centres are meant as money spinners for the university and the private centres. Apart from the hefty fees involved, the centres also are a big question mark on the affiliation system of the universities.

...were of opinion that the curriculum of various courses should...

**The office-bearers feared that the varsity would land in trouble for signing MoUs with private centres for off-campus centres. The VC had been flouting the provisions of the varsity Act by exercising powers which ought to have been used only in extraordinary circumstances**

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 463494, Fax: 0471-468984, e-mail: akpcta@sify.com, at SB. Press (P) Ltd. College Lane, Thiruvananthapuram-1 Phone: 471904, Fax: 478013, Fax: 471904.
Typeset : Genial, Tvpm, Phone: 325789. Chief Editor: K. Jaganathan Nair